# ജീവനവേദം

( A GUIDE TO HUMAN CONDUCT )

ശ്രീ ശ്രീ ആനന്ദമൂർത്തി

വിവർത്തകർ:

എം.പി. ജാനകിഅമ്മ,

സുഭദ്ര

# പരമ നിർദേശം

“ദിവസേന രണ്ടു നേരവും നിയമാനുസാരം സാധന അനുഷ്ഠിക്കുന്ന ഏതൊരാൾക്കും ദേഹാന്തവേളയിൽ പരമപുരുഷന്റെ സ്മരണ നിശ്ചയമായും മനസ്സിൽ ഉദിക്കും. അയാൾക്ക് തീർച്ചയായും മുക്തി ലഭിക്കും . ആകയാൽ ഓരോ ആനന്ദമാർഗിയും ദിവസം പതി രണ്ടു പ്രാവശ്യം സാധന ചെയ്യണം . ഇതാണ് പരമേശ്വരന്റ പരമനിർദേശം. യമനിയമങ്ങൾ കൂടാതെ സാധന സാധ്യമല്ല . ആകയാൽ യമനിയമങ്ങൾ പാലിക്കണമെന്നു കൂടിയാണ് നാഥന്റെ കൽപ്പന . ഈ ആജ്ഞനിരസിച്ചാൽ അനേകകോടി വർഷങ്ങൾ മൃഗീയജീവിതത്തിന്റെ നരകയാതനകളിൽ സ്വയം വീണുഴലേണ്ടിവരും. ഇത്തരം ദുരിതാനുഭവങ്ങൾ ആരും അനുഭവിക്കാതിരിപ്പാൻ ഏവരും പരമപുരുഷന്റെ പ്രേമനിർഭരമായ അഭയകേന്ദ്രത്തിൽ പരമാനന്ദം ആസ്വദിക്കാൻ സകലരേയും ഈ ആനന്ദമാർഗത്തിലേക്ക് ആനയിക്കാനുദ്യമിക്കേണ്ടത് ഓരോ സാധകന്റേയും അനിവാര്യമായ കർത്തവ്യമാണ് . ഈ സൽപഥത്തിലൂടെ മറ്റുള്ളവരെ നയിക്കുന്നതും സാധനയുടെ ഒരു ഘടകം തന്നെ."

ശ്രീ ശ്രീ ആനന്ദമൂർത്തി

# ജീവനവേദം

(JIIVANAVEDA)

(A GUIDE TO HUMAN CONDUCT)

Author : Shrii Shrii Ánandamúrtti
First Edition: 1971
Translation from English to Malayalam by:
M.P. Janakiamma and Subhadra
2nd Edition: 1999
3rd Edition (electronic) : 2021
Published by : Babu Thayyil & Acarya
Satyabodhananda Avadhuta
Published on behalf of :
Ananda Marga Publication committee,
Kerala
Address: Ananda Marga Ashram
Nedupuzha, Thrissur, Kerala

Email: ampublicationkerala@gmail.com

Copy right applies

# ഉള്ളടക്കം

1 ആമുഖം........................................................................... 6

2. യമസാധന.......................................................................... 10

3. അഹിംസ............................................................................ 11

4. സത്യം.............................................................................. 26

5. അസ്തേയം......................................................................... 29

6. ബ്രഹ്മചര്യം ................................................................. 36

7. അപരിഗ്രഹം ....................................................... 43

8. സമുദായത്തിൽ എങ്ങനെ
ജീവിക്കണം? ................................................................ 47

9. നിയമ സാധന .......................................................... 50

10. ശൗചം .......................................................................... 51

11. സന്തോഷം ................................................................ 58

12. തപസ്സ് ........................................................................ 61

13. സ്വാദ്ധ്യായം .......................................................... 67

14. ഈശ്വരപ്രണിധാനം ........................................... 70

# 1 (ആമുഖം)

സദാചാരമാണു സാധനയുടെ ( ആദ്ധ്യാത്മികാനുഷ്ഠാന ങ്ങളുടെ ) അടിസ്ഥാനം . എന്നാൽ ഒരു കാര്യം ഓർമ്മിക്കേണ്ടതുണ്ട് -സദാചാരം , അഥവാ സദ്വൃത്തിയല്ല ആദ്ധ്യാത്മികപുരോഗതി യുടെ അന്തിമലക്ഷ്യം . ഒരു സദ്വൃത്തൻ എന്ന നിലയിൽ ഒരാൾ മറ്റുള്ള സദാചാരികൾക്ക് ഒരാദർശമായിരുന്നേക്കാം . എന്നാൽ ഇത് ഒരു സാധകന് ( ആത്മീയാഭിലാഷിക്ക് ) അത്ര എടുത്തുപറയത്തക്ക പ്രാധാന്യമേറിയ സംഗതിയല്ല . സാധനയ്ക്ക് , അതിന്റെ പ്രാരംഭ ത്തിൽ തന്നെ ഒരു മാനസിക സമീകരണം ( mental equilibrium ) ആവശ്യമാണ് . ഈ വിധമുള്ള മാനസികപ്പൊരുത്തത്തെ സദാ ചാരം എന്നു വിളിക്കാം . ജനങ്ങൾ പലപ്പോഴും പറയാറുണ്ട് , " ഞാൻ ഒരു മതത്തേയോ മതചര്യകളേയോ ആചരിക്കുന്നില്ല . ഞാൻ സത്യം പാലിക്കുന്നു . ആരെയും ഞാനുപദ്രവിക്കുന്നില്ല . കള്ളം പറയുന്നില്ല . ഇത്രമാത്രമേ ആവശ്യമുള്ളൂ . ഇതിലധികമായി ഒന്നും ചെയ്യുവാനോ പഠിക്കുവാനോ ഇല്ല ." ഒരു കാര്യം വ്യക്തമായി മനസ്സിലാക്കണം . സദാചാരം ഒരു സുസംഘടിതമായ ജീവിതം നയിക്കാനുള്ള പരിശ്രമം മാത്രമാണ് . ഒരു ചലനരഹിതമായ ശക്തി ( Static force ) യാണ് സദ്വൃത്തി എന്നു നിർവ്വചിക്കുന്നതിനേക്കാൾ ഒരു ചലനാ ത്മകശക്തി ( dynamic force ) എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി . എന്തെന്നാൽ ജീവിത ൻ ബാഹ്യമണ്ഡലങ്ങളിൽ ഒരു സമീകരണം സംരക്ഷിച്ചുപോരുന്നത് , എല്ലാ

വിപരീതാശയങ്ങൾ ക്കെതിരായും അവിരാമമായ ഒരു സംഘട്ടനത്തിൽ ഏർപ്പെട്ടാണ് 2* ഇത് ആഭ്യന്തരബാഹ്യഭാ

............................................................................................................................................

നക്ഷത്രചിഹ്നങ്ങളാൽ (*) അടയാളപ്പെടുത്തിയ അക്കങ്ങൾ യഥാർത്ഥ അച്ചടിച്ച പുസ്തകത്തിന്റെ പേജ് നമ്പർ സൂചിപ്പിക്കുന്നു.

............................................................................................................................................

വങ്ങളുടെ ഒരു സമീകരണാവസ്ഥയല്ല . ബാഹ്യ പ്രലാ ഭ ന ങ്ങ ളുടെ സമ്മർ ദ്ദ ത്താൽ മന സ്സി ൻ റ മാനസികക്ഷോഭം അസ്വസ്ഥത ഗുരുതരമായി ത്തീർന്നാൽ പ്രബലമായി തോന്നിയാൽ - വിഷമങ്ങളെ നേരിടാനുള്ള ആന്തര ശക്തി കീഴടങ്ങിക്കൊടുക്കുവാനും , തൽഫലമായി ബാഹ്യമായ സമീകരണം അഥവാ ധർമ്മികപ്രകടനം ഏതു നിമിഷത്തിലും തക രുവാനും ഇടയായേക്കാം . സദ്വൃത്തിയല്ല ലക്ഷ്യമെന്നു തീർത്തു പറയാനിതാണു കാരണം . മാത്രമല്ല അത് ഒരു സ്ഥിരമായ ശക്തി ( Static force ) Colbeno ) പോലുമല്ല . ഒരു സദ്വൃത്തന്റെ ധർമ്മികഭാവം ഏതു നിമിഷത്തിലും നശിച്ചുപോകാം . രണ്ടു രൂപ കൈക്കൂലി വാങ്ങാനുള്ള പ്രലോഭനത്തെ എതിർത്തുനിന്ന ഒരു സദ്വൃത്തൻ രണ്ടു ലക്ഷം രൂപയുടെ ഒരു സംഭാവനയെ ചെറുത്തുനിൽക്കുമെ ന്നു തീർത്തുപറയാനാവില്ല . എന്നിരുന്നാലും സദാചാരം മനുഷ്യ ജീവിതത്തിൽ തീരെ വിലയറ്റതല്ല . ഒരു നല്ല

പൌരന്റെ ഗുണവി ശേഷമാണത് . അതാണു സാധനാ മാർഗ്ഗത്തിലെ പ്രാരംഭസ്ഥാനം .

സാധനാപന്ഥാവിലൂടെ പുരോഗമിക്കാനുള്ള കഴിവും പ്രചോദനവും നൽകത്തക്കതായിരിക്കണം ധാർമ്മികാദർശങ്ങൾ . സദാചാരം കാലദേശ വ്യക്തിഭേദങ്ങളുടെ സമീകരണത്തെ പരിര ക്ഷിക്കാനുള്ള ശ്രമങ്ങളെ ആശ്രയിച്ചാണിരിക്കുന്നത് . ആ നിലയ്ക്ക് സദാചാര സംഹിതയിലും വ്യത്യസ്തതകൾ ഉണ്ടായെന്നുവരാം . എന്നാൽ സദ്വൃത്തിയുടെ പരമലക്ഷ്യം പരമാനന്ദപ്രാപ്തി ( ബ്രഹസംപ്രാപ്തി ) യാണ് . അതിനാൽ അതിനു താരതമ്യവിവേ ചനംകൊണ്ടുള്ള വൈകല്യങ്ങൾ ഒന്നും ഉണ്ടാകാനിടയില്ല . മനുഷ്യ ജീവിതത്തിന്റെ പരമലക്ഷ്യം മോഷ്ടിക്കാതിരിക്കയാണെന്നു പറഞ്ഞുകൂട . പിന്നെന്താണ് ? മോഷണം ചെയ്യാനുള്ള വാസനത് ന്നെ പാടെ നശിപ്പിക്കയാണാവശ്യം . ഒരാൾ കാപട്യത്തിൽ വ്യാപരി ക്കാതിരിക്ക് എന്നതാകരുത് ജീവിതലക്ഷ്യം . പിന്നയോ ? അയാ ളുടെ മനസ്സിൽ നിന്നും അസത്യം പറയാനുള്ള വാസനതന്നെ അകറ്റി 3* ക്കളയുകയാണു പ്രധാനം . മോഷണത്തിലൊ , അസത്യഭാഷണ ത്തിലൊ ആസക്തി ജനിപ്പിക്കാത്ത സദാചാര സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയാണ് ഒരു സാധകൻ ആത്മീയാനുഷ്ഠാനങ്ങൾ ആരംഭിക്കുന്നത് . ഈ വിധത്തിലുള്ള സദ്വൃത്തിയുടെ ലക്ഷ്യം ബ്രഹ്മത്തോട് ഐക്യം പ്രാപിക്കുന്ന ഒരവസ്ഥയാണ് . അവിടെ

മോഷണത്തിനുള്ള അഭിരുചി നശിക്കുന്നു . കള്ളം പറയാനുള്ള സകല വാസനകളും അറ്റുപോകുന്നു .

ആനന്ദമാർഗ്ഗത്തിലെ സാധനയിൽ സദാചാര വിദ്യാഭ്യാസം നൽകപ്പെടുന്നതു ബ്രഹ്മവുമായുള്ള ഐക്യം എന്ന ആദർശത്തോ ടുകൂടിയാണ് . എന്തെന്നാൽ അപ്രകാരമുള്ള ഒരു സദ്ഭാവനകൂടാതെ സാധന സാദ്ധ്യമല്ല . സദാചാരബോധമില്ലാത്ത സാധന ഒരു മനുഷ്യനെ കൂടെക്കൂടെ ഭൌതികഭാഗങ്ങളിലേക്കു തി രിക്കുന്നു . ഒരുവൻ വളരെ ക്ലേശിച്ചു സമ്പാദിച്ച തന്റെ മാനസികശക്തി തുച്ഛമായ ഭൌതികാഭിലാഷങ്ങളുടെ പൂരണത്തിനായി ഏതൊരു നിമിഷ ത്തിലും ഉപയോഗിച്ചെന്നുവരാം . യോഗസാധനയിൽ നിന്നോ തന്ത്ര സാധനയിൽനിന്നോ അധ : പതിച്ച് അപമാനിതരായി അവഗണനീ യരായി ജീവിതം നിയിക്കുന്നവർ പലരുണ്ട് . സ്വന്തം വാസനകളെ നിർബ്ബന്ധപൂർവ്വം നിയന്ത്രിക്കുന്നതുവഴി അവർ നേടിയിട്ടുള്ള അല്പ്പമായ പുരോഗതികൂടി ഭൌതിക സുഖങ്ങളെ തേടി ഒരു നിമിഷം കൊണ്ടു കളഞ്ഞുകുളിച്ചെന്നുവരാം . അതുകൊണ്ടാണ് ഊന്നിപ്പറ യുന്നത് , സാധന ആരംഭിക്കുന്നതിനുമുമ്പുതന്നെ സദാചാരതത്വ ങ്ങളെ കൃത്യമായി പാലിക്കണമെന്ന് . ഇതനുസരിക്കാത്ത വർ സാധനാമാർഗ്ഗം അനുവർത്തിക്കരുത് . അല്ലാത്തപക്ഷം അവർ തങ്ങൾക്കും അന്യർക്കും നാശമുണ്ടാക്കും . അതിരറ്റ സ്വാർത്ഥമതി കൾ കൃത്യമായ സദാചാര നിയമങ്ങളെ അനുസരിക്കാനുള്ള ഭയം കൊണ്ട് ആനന്ദ മാർഗ്ഗത്തെ തന്നെ ഭയപ്പെടുന്നതായി

ആചാര്യ ന്മാർക്ക് അനുഭവപ്പെട്ടുകാണും . ആനന്ദമാർഗ്ഗത്തിന്റെ ആദർശ പ്രചരണം തങ്ങളുടെ സ്വാർത്ഥാഭിലാഷങ്ങളുടെ പൂരണത്തിനു 4* തടസ്സമായേക്കാമെന്ന് അവർ ശങ്കിക്കുന്നു . തൻ മൂലം സ്വന്തം . ദൌർബല്യത്തേയും കാപട്യത്തേയും മറയ്ക്കാനായി അവർ ആനന്ദ മാർഗ്ഗത്തെ അപവദിക്കുന്നതിൽ തല്പരരാകുന്നു . സദാചാരബോധമില്ലാത്തവർ മനുഷ്യ ജീവികളെന്നു പറയാൻ തന്നെ അർഹത യുള്ളവരല്ലെന്ന് ഓർമ്മിക്കണം . അവർ എത്രതന്നെ കഠിനമായി ശ്രമിച്ചാലും വീമ്പുപറച്ചിൽ കൊണ്ട് അവരുടെ മാനസികമായ നീചഭാവത്തെ ദീർഘകാലത്തേക്കു മൂടിവയ്ക്കാൻ സാദ്ധ്യമല്ല .

ഉള്ളടക്കം

# 2 യമസാധന

സദാചാരത്തിന്റെ ആദ്യപാഠം യമസാധനയാണ് . യമസാ ധനയുടെ എല്ലാവശങ്ങളെയും പറ്റി നമുക്കു ചർച്ചചെയ്യാം . യമ ത്തിൽ അഞ്ചു തത്വങ്ങളാണ് അടങ്ങിയിരിക്കുന്നതെന്ന് നിങ്ങൾക്ക റി യാ മ ല്ലോ . അഹിംസ , സത്യം , അസ്തേയം , ബ്രഹ്മച ര്യം , അപരിഗ്രഹം “ അഹിംസാ സത്യായ ബ്രഹ്മചര്യാപരിഗ്രഹാ : യമാ : ” ഈ പഞ്ചതത്വങ്ങളുടെ അനുഷ്ഠാനം നാനാമാർഗ്ഗങ്ങളിലൂ ടെ യും നിയന്ത്രണം

അഭ്യസിപ്പിക്കുന്നു . സംസ്കൃത ത്തിൽ " സംയമനം " എന്ന പദത്തിനർത്ഥം നിയന്ത്രിതമായ സ്വഭാവം എന്നാണ് . എന്തിനെയെങ്കിലും , അഥവാ ആരെയെങ്കിലും നശിപ്പി ക്കുക എന്നൊരർത്ഥമില്ല " സംയമം ' ' എന്നതിനെന്നു നല്ലപോലെ മനസ്സിലാക്കണം . ഉള്ളടക്കം

# 3 അഹിംസ

"മനോ വാക്കായെഃ

സർവ്വഭൂതാനാമപീഡാനമഹിംസാ"

അഹിംസ എന്ന തിനർത്ഥം വിചാരമോ , വാക്കോ , പ്രവൃത്തിയോമൂലം ആരെയും വേദനിപ്പിക്കയോ , പീഡിപ്പിക്കയൊ ചെയ്യാതിരിക്കുക എന്നാണ് . ഈ പദം പലരും തെറ്റായിട്ടാണു 5* വ്യാഖ്യാനിക്കുന്നത് . അഹിംസയെ കണിശമായി പാലിക്കയാ ണെങ്കിൽ സമുദായമദ്ധ്യത്തിൽ മാത്രമല്ലാ വനങ്ങളിലൊ , കാടുക ളിലൊ , ഗുഹാന്തരങ്ങളിലൊ പോലും ജീവിക്കാൻ സാദ്ധ്യമല്ലെ ന്നുള്ള ഒരു രീതിയിലാണു പണ്ഡിതന്മാരെന്നു പറയപ്പെടുന്ന പലരും അതിനെ നിർവ്വചിക്കാറുള്ളത് . അഹിംസാപദത്തിന് ഈ വിധം ഒരു വ്യാഖ്യാനം

അംഗീകരിച്ചാൽ , കൊല്ലുക മാത്രമല്ല . നിരോധിക്കപ്പെടുന്നത് . ആത്മരക്ഷാർത്ഥമുള്ള പോരാട്ടം പോലും യഥാവിധി ചെയ്യാൻ വയ്യെന്നുവരുന്നു . ഭൂമി ഉഴുതാൽ ഭൂമുഖത്തി നടിയിലുള്ള അസംഖ്യം പ്രാണികളുടെയും ജീവികളുടെയും ജീവ നാശത്തിനിടയാകുമല്ലോ . അതുകൊണ്ടു കലപ്പയുടെ ഉപയോഗം അനുവദനീയമല്ല . ധർമ്മനിഷ്ഠമായ ജീവിതം നയിക്കുന്നവർ സ്വയം കലപ്പയെടുത്തുപയോഗിക്കരുത് . ജീവഹാനി വരുത്തുന്ന പാപത്തിൽ നിന്നും തങ്ങൾക്കു രക്ഷ കിട്ടാൻ താഴ്ന്ന വർഗ്ഗക്കാരെ അതിനു നിയോഗിക്കണം . എന്നാണവർക്കു പറയാനുള്ളത് . എറുമ്പു കളുടെ മാളങ്ങളിൽ പഞ്ചസാര തൂകണം . മനുഷ്യജീവികൾക്കു ഭക്ഷണം ലഭിച്ചാലെന്ത് ? ഇല്ലെങ്കിലെന്ത് ? മനുഷ്യന്റെ ആജന്മ വൈരികളായ മൂട്ടകളെ പോററാനായി സാധുക്കൾ അവരുടെ രക്തം നൽകണം ! ഇതല്ല അഹിംസയുടെ നിർവ്വചനം . ഇതു ചിന്താക്കുഴ പ്പത്തിനിടയാക്കും . യഥാർത്ഥമായ ധർമ്മത്തിനുനേരേ വിപരീത മാണിത് . ജീവിതവ്യവസ്ഥയ്ക്കു കടകവിരുദ്ധവുമാണ് . ശ്വസന ക്രിയയിൽ പോലും അനേകം സൂക്ഷ്മാണുക്കൾക്കു നാശം സംഭവി ക്കുന്നില്ലേ ? അവയെല്ലാം ജീവാണുകൾ തന്നെയാണ് . അവയെ സംരക്ഷിക്കാൻ ശ്വാസോച്ഛ്വാസംപോലും വേണ്ടെന്നു വയ്ക്കണ്ടേ ? ഇക്കണക്കിനു രോഗപീഡിതർക്ക് ഔഷധങ്ങൾപോലും നൽകാൻ വയ്യല്ലൊ . എന്തെന്നാൽ ആവക മരുന്നുകൾ രോഗാണുക്കളുടെ നാശ ത്തിനു കാരണമാകും .

അഹിംസയെ ഈ രീതിയിൽ വ്യാഖ്യാനിച്ചു തുടങ്ങിയാൽ ആ വ്യാഖ്യാതാക്കൾ എവിടെച്ചെന്നാണു തങ്ങുക ? ജലം ശുദ്ധീകരിച്ചാൽ മാലിന്യഹേതുക്കളായ അണുക്കൾ നശിച്ചു പോകുമെന്നുള്ളതുകൊണ്ട് അരിച്ചെടുത്ത ജലംപോലും അവർക്കു 6* പയോഗിക്കാൻ വയ്യാ എന്നാൽ മലിനജലമാ കാമോ ? അതിനും നിവൃത്തിയില്ല . എന്തുകൊണ്ട് ? അതിലെ അണുജീവികൾ വയറ്റി നുള്ളിൽ ചെന്നു ചത്തുപോകും . ഭാരതത്തിൽ വൈദികയുഗത്തിനു ശേഷം വളരെക്കാലത്തേക്ക് ഈ വിധത്തിലുള്ള അഹിംസ പ്രചാര ത്തിലിരുന്നു . തൽഫലമായി സാധാരണ ജനങ്ങളുടെ ജീവിതം വളരെ ക്ലേശഭൂയിഷ്ഠവുമായി രുന്നു . ആവിധമുള്ള അഹിംസാ ധർമ്മം മുന്തി നിന്നിരുന്ന മതത്തെ ജനങ്ങൾ ഭീതിപൂർവ്വമാണു വീക്ഷിച്ചിരുന്നത് . എന്നുതന്നെയല്ല ധർമ്മമാർഗ്ഗമുപേക്ഷിച്ചു നിരീ ശ്വര വിശ്വാസം കൈവരിക്കാനും അവർ നിർബ്ബന്ധിതരായി ത്തീർന്നു . ആചരിക്കാനുള്ള നിയമസംഹിതകളുടെ അഭാവത്താലും , തങ്ങളുടെ സ്വാർത്ഥാദ്ദേശങ്ങൾക്കു പ്രഥമഗണനനൽകുവാനുള്ള ഔത്സുക്യത്താലും അങ്ങനെയു ള്ള നാസ്തികന്മാർ സമുദായ ത്തിനും ലോകത്തിനുതന്നെയും ഒരു ഭാരമായിത്തീർന്നു . ആവിധം അഹിംസാതത്വത്തെ പ്രോത്സാഹിപ്പിക്കുന്ന മതം പ്രചരിപ്പിക്കാ നാഗ്രഹിച്ചവർ അഭ്യസനക്ഷമതയില്ലാത്ത വരും സ്വഭാവവൈര്യം നശിച്ചവ രുമായിത്തീർന്നു . ഭൂതകാലത്തിലെ ഈ ചരിത്രപരങ്ങളായ യാഥാർത്ഥ്യങ്ങളെ ഒരു പുതിയ വീക്ഷണകോണിൽകൂടി വിചി ന്തനം

ചെയ്യേണ്ട ആവശ്യകത ഈ ആധുനി കയുഗത്തിൽ അത്യന്താ പേക്ഷിതമായിരിക്കുന്നു.

അഹിംസാപദത്തിനു വേറൊരു പുതിയ നിർവ്വചനം പ്രച രിച്ച മറ്റൊരു യുഗം ഇതിനെ തുടർന്നുണ്ടായി . ഈ നിർവ്വചന മനുസരിച്ചു ജീവ ജാല ങ്ങൾക്കു വേദനാഹേതുകമായതെല്ലാം ഹിംസതന്നെയെന്നു കരുതപ്പെട്ടുവെങ്കിലും , ആഹാരത്തിനുവേണ്ടി മൃഗങ്ങളെ കൊല്ലുന്നതു ഹിംസയായി അംഗീകരിച്ചിരുന്നില്ല . ഈ ചിന്താഗതി തികച്ചും പിശകുതന്നെ . വേദനയുളവാക്കുന്നതു ഹിംസ യാണെങ്കിൽ , ആഹാരത്തിനായി മൃഗങ്ങളെ കൊല്ലുന്നതും ഹിംസ യെന്നു കരുതണമല്ലോ , എന്തെന്നാൽ മൃഗങ്ങൾ സ്വചരയാ ഈ ഉദ്ദേശത്തിനായി സ്വജീവിതം ബലികഴിക്കുകയല്ല ചെയ്യുന്നത് .

7* ഈയിടെയായി അഹിംസയെന്ന പദത്തിനു മറ്റൊരു വ്യാഖ്യനംകൂടി കേൾക്കുന്നുണ്ട് . അതു മുമ്പു പറഞ്ഞ രണ്ടാമത്തെ നിർവ്വചനത്തോട് ഏതാണ്ടു സദൃശമായിരിക്കുന്നു . പക്ഷെ അതിനു രണ്ടാമത്തെ നിർവ്വചനത്തിനുണ്ടായിരുന്ന ലാളിത്യമോ ആത്മാർ ത്ഥതയോ പോലുമില്ല . ഈ വ്യാഖ്യാനമനുസരിച്ച് അഹിംസയെന്നതിന് അക്രമരാഹിത്യം ( non violence ) അഥവാ ബലം പ്രയോഗിക്കാതിരിക്കൽ എന്നർത്ഥം വരും . ഒരു പക്ഷ ഈ വ്യാഖ്യാനമാണ് അഹിംസയുടെ അർത്ഥത്തെ ഏറ്റവും വികൃത മാക്കുന്നത് ജീവിതത്തിൽ

ലഘുവോ ഗുരുവോ ആയ എല്ലാ കർമ്മ ങ്ങളിലും വിരുദ്ധശക്തികളോടു മല്ലിട്ടു വിജയം നേടിക്കൊണ്ടാണു വ്യക്തി മനസ്സു പുരോഗമിക്കുന്നത് . ജീവിതം ശക്തിയിൽ കൂടി വികസിക്കുന്നു . ഈ ശക്തി യഥായോഗ്യം ഉപയോഗപ്പെടുത്തിയി ല്ലെങ്കിൽ ജീവിതം നിശ്ശേഷം നിരുന്മേഷകരമായിത്തീരും . ബുദ്ധി യുള്ള ഒരുവനും അങ്ങനെ ചെയ്കയില്ല . എന്തെന്നാൽ അതു മനുഷ്യപ്രകൃതത്തിന്റെ മൌലികതതവങ്ങൾക്കു തന്നെ നേരേ വിരുദ്ധമായിരിക്കും . അതിനാൽ അക്രമരാഹിത്യത്തെ ( അഹിംസ യെന്നും പറയപ്പെടുന്നു ) സംരക്ഷിച്ചുപോരുന്നവർക്കു മറ്റേതെങ്കി ലും ഉദ്ദേശത്തിനായി ഇതുപയോഗിക്കേണ്ടിവരുമ്പോൾ കൃത്രിമവും ( hipocrisy ) കാപട്യവും അവലംബിക്കയേ തരമുള്ളു . ഒരു ദേശത്ത ജനങ്ങൾ മറ്റൊരു ദേശത്തെ ആയുധബലംകൊണ്ടാക്രമിച്ചു കീഴട ക്കുകയാണെ ങ്കിൽ , പരാജി ത രാക്കപ്പെട്ട രാജ്യവാസികൾക്കു സ്വാതന്ത്ര്യം വീണ്ടെടുപ്പാൻ ബലം പ്രയോഗിക്കാം . അങ്ങനെയുള്ള ബലപ്രയോഗം സ്ഥലമോ സൂക്ഷ്മമോ ആകാം . തൽഫലമായി ആക്രമണം നടത്തിയവരുടെ ശരീരവും മനസ്സും ക്ഷതപ്പെട്ടു എന്നും വരാം . ശക്തി പ്രയോഗിക്കുമ്പോൾ അത് അക്രമരാഹിത്യമെന്നു പറഞ്ഞുകൂടാ . കൈകൾകൊണ്ടല്ലാതെ മറ്റേതെങ്കിലും മാർഗ്ഗങ്ങ ളിൽ കൂടി ഒരു മനുഷ്യനെ പീഡിപ്പിക്കയാണെങ്കിൽ അത് അക്ര മമല്ലേ ? ഒരു പ്രത്യേക രാഷ്ട്രത്തിന്റേയോ ജനതയുടേയോ നേരെ പ്രയോഗിക്കുന്ന ബഹിഷ്ക്കരണനയം അക്രമമല്ലേ ?

തന്മൂലം 8* ഞാൻ പറയുന്നു , അക്രമരാഹിത്യവും അഹിംസയും സമാനാർത്ഥ മെന്നു വ്യാഖ്യാനിക്കുന്നവർക്ക് അവരുടെ കർമ്മങ്ങളെ ന്യായീകരി ക്കുവാൻ കൃത്രിമത്വം അടിക്കടി അവലംബിക്കേണ്ടിവരുമെന്ന് . ഒരു രാജ്യം പരിപാലിച്ചുപോരുവാൻ പട്ടാളമോ പോലീസോ ആവശ്യ മാണ് . ആവശ്യം നേരിടുന്ന അവസരങ്ങളിൽ പോലും അവ ബലം പ്രയോഗിക്കുന്നില്ലെങ്കിൽ അവയുടെ നിലനില്പിന് ഒരർത്ഥവും ഇല്ലെന്നുവരും . ഈ അഹിംസയുടെ അഥവാ അക്രമരാഹിത്യത്തി ൻറ ചിഹ്നം ഒരു വെടിയുണ്ടയ്ക്കുണ്ടായിരുന്നാലും അത് ആ വെടി യുണ്ടയെ അക്രമരഹിതമാക്കുന്നില്ല .

ദുരാചാരികളോട് എതിരിടാൻ പര്യാപ്തമായ ശക്തി സംഭ രിച്ചിട്ടില്ലെങ്കിൽ , ആ ശക്തി സമ്പാദിക്കാനായി സർവ്വകഴിവുകളും പ്രയോഗിക്കുകയും ആവിധത്തിൽ നേടുന്ന ശക്തി ഉചിതമായി ഉപ യോഗിക്കുകയും വേണം . ദുരാചാരത്തെ ചെറുത്തുനില്ക്കാനുള്ള കഴിവും , ആ കഴിവുനേടാനുള്ള പരിശ്രമവും ഇല്ലെന്നുവന്നാൽ എതിരാളി കളുടെ മുമ്പിൽ ബലഹീനതകൾ സമ്മതിച്ചുകൊടുക്കാ തിരിക്കാനായി അക്രമവിരുദ്ധനാണുതാനെന്നു സ്വയം പ്രഖ്യാപി ക്കുന്നതുകൊണ്ട് രാഷ്ട്രീയമായി വല്ലതും നേടാൻ കഴിഞ്ഞേക്കാ മെങ്കിലും അതു സദാചാരത്തിന്റെ പവിത്രതയെ സുരക്ഷിതമാ ക്കുന്നില്ല .

സാധനയുടെ മണ്ഡലത്തിൽ അഹിംസാ പദത്തിന്റെ അർത്ഥം മുമ്പുതന്നെ വിശദീകരിച്ചുകഴിഞ്ഞു . അതിന്റെ ശരിയായ അർത്ഥമനുസരിച്ച് തന്റെ ചിന്തയോ ധർമ്മങ്ങളോ മൂലം മറ്റൊ രാൾക്കും വേദനയുണ്ടാക്കാതെയും, ആർക്കും അവ അന്യായമായി ഭവിക്കാതെയും ഒരുവൻ സ്വന്തം ഭാവങ്ങളെ സശ്രദ്ധം നിയന്ത്രി ക്കേണ്ടതുണ്ട് .മറ്റൊരാളെ ഉപദ്രവിക്കണമെന്നുദ്ദേശിച്ചുള്ള ഏതൊരു ചിന്തയും പ്രവൃത്തിയും ഹിംസതന്നെയാണ്. പീഡനോദ്ദേശം ഉണ്ടായിരുന്നാലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം ചില താണതരം 9* ജീവികളെ നശിപ്പിച്ചുകൊണ്ടാണു ജീവൻ നിലനിന്നുപോരുന്നത് . ശ്വസ ന കിയ ആയി ര മാ യി രം ജീവാണുക്കളെ ഹനിക്കുന്നു . സ്ഥല ദേഹം തന്നെ ലക്ഷോപലക്ഷം ജീവകോശ ങ്ങളാൽ ( Protoplasmic cells ) നിർമ്മിതമാണ് . ഒരുവൻ അറിഞ്ഞാലുമില്ലെങ്കിലും ഓരോ പ്രവൃത്തിയിലും ഈ ജീവകോശങ്ങൾ മരിക്കയും നശിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. രോഗനിവാരണത്തിനു ള്ള ഔഷധങ്ങൾ ഉപയോഗിക്കുക എന്നതിനും കോടാനുകോടി രോഗാ ണുക്കളെ നശിപ്പിക്കുക എന്നാണ ല്ലോ അർത്ഥം . വിളവു നശിപ്പി ക്കുന്ന പ്രാണികൾ , ഇത്തിൾക്കണ്ണി , കൊതുക് , മൂട്ട , എട്ടുകാലി മു തലായവയെല്ലാം നാനാപ്രകാരേണ നശിപ്പിച്ചുപോരുന്നു ണ്ടല്ലോ. ജീവസംരക്ഷണത്തിന് ഇതാവശ്യമത്രേ . ആവക ജീവികളെ വേദനിപ്പിക്കണമെന്നുദ്ദേശിച്ചല്ല ഈ പ്രവൃത്തികൾ ചെയ്യുന്നത് .

അതി നാൽ ആവിധ കർമ്മങ്ങളേയും ' ഹിംസ ' എന്ന ഗണത്തിൽ ഉൾപ്പെ ടുത്താൻ വയ്യ . ഇവയെല്ലാം ആത്മരക്ഷയ്ക്കായി ചെയ്യേണ്ടിവരുന്ന പ്രവർത്തനങ്ങളാണ് . ശരീരഘടനയിൽ നടക്കുന്ന സംഘട്ടന സം യോഗങ്ങളുടെ ഫല മായും ശരീര ഘടനാദാർഢ്യം ( Structural solidarity ) സംരക്ഷിക്കുന്നതിനായും ആദാനവിസർജ്ജനവ്യാപാര ങ്ങൾ നടന്നുകൊണ്ടിരിക്കുന്നു . നെല്ലിൽ നിന്നാണ് അരി ലഭിക്കു ന്നത് . നെല്ലിനു ജീവനില്ലേ ? നെല്ലിനു മുളയ്ക്കാൻ കഴിവുണ്ട് . പുനരുല്പ്പാദന ശക്തിയുമുണ്ടതിന് , സ്ഥലശരീരം സംരക്ഷിക്കാ നായി നിങ്ങൾ നെല്ലിന്റെ ജീവനാശം വരുത്തി അരിയുണ്ടാക്കുന്നു . അരി തയ്യാറാക്കുമ്പോൾ ആർക്കെങ്കിലും ഹാനിവരണമെ ന്നൊരു ദ്ദേശം നിങ്ങൾക്കുണ്ടായിരുന്നുവോ ? ഇതിൽ നിന്ന് എന്താണു കാണുന്നത് ? ജീവൻ , അതിൻ റ നില നി ല് പി നു ത ന്നെ യും ജീവൻ ഇതരരൂപങ്ങളെ ആശ്രയിക്കുന്നു എന്ന് . അവിടെ ഹിംസ യുടേയോ അഹിംസയുടേയോ പ്രശ്നമില്ല . ഇതു ഹിംസയെന്നു സങ്കല്പിച്ചാൽ ഇഷ്ടികയും മണലും കല്ലും തിന്നുവേണ്ടിവരും ജീവി ക്കാൻ . ശ്വാസോച്ഛ്വാസംപോലും വിരമിപ്പിക്കണമല്ലോ . മറ്റൊരുത രത്തിൽ പറഞ്ഞാൽ ഒരുവൻ ആത്മഹത്യചെയ്കയേ നിർവ്വാഹ 10* മുള്ളു . എന്നിരുന്നാലും ഭോജ്യവസ്തു ക്കളെ സംബന്ധിച്ചു രണ്ടു കാര്യങ്ങൾ ഓർമ്മിച്ചിരിക്കേണ്ടത് ഏറ്റവും ആവശ്യമാണ് . ഒന്നാമ തായി , കഴിയുന്നിടത്തോളം , ജീവചൈതന്യത്തിന്റെ വികാസം താരതമ്യേന കുറവുള്ള

വസ്തുക്കളിൽ നിന്നു ഭക്ഷണസാധനങ്ങൾ തിരഞ്ഞെടുക്കണം . അതായതു സസ്യവർഗ്ഗങ്ങൾ ലഭിക്കുമെങ്കിൽ മൃഗങ്ങളെ കൊല്ലാനിടയാകരുത് . രണ്ടാമതായി , ഏതൊരു പരിത് സ്ഥിതിയിലായിരുന്നാലും ഏതെങ്കിലും മൃഗത്തെ കൊല്ലുന്നതിനു മുമ്പ് അതിന്റെ ചൈതന്യം വികസിതമായിരിക്കട്ടെ , അല്പവിക സിതമായിരിക്കട്ടെ - ആവിധമൊരു ജീവിയെ ഭക്ഷിക്കാതെ ഒരു അരോഗഗാത്രത്തോടുകൂടി ജീവിക്കാൻ കഴിയുമോ എന്നാലോചി ക്കണം . മനുഷ്യശരീരം അസംഖ്യം ജീവകോശങ്ങൾ ( living cells ) കൊണ്ടുണ്ടാക്കപ്പെട്ടതാണ് . ഈ കോശങ്ങൾ അതേവിധമുള്ള ജീവ സത്തകളുടെ സഹായത്തോടുകൂടി പുഷ്ടിപ്പെടുകയും വളരുകയും ചെയ്യുന്നു . നിങ്ങളുടെ ജീവ കോശങ്ങളുടെ പ്രകൃതം നിങ്ങൾ കഴിക്കുന്ന ആഹാരത്തിന്റെ രീതി അനുസരിച്ചാണ് രൂപീകൃതമാ കുന്നത് . അവസാനം ഇവയെല്ലാം ചേർന്ന് ഏറക്കുറെ നിങ്ങളുടെ മനസ്സിനെ ബാധിക്കും . ചീഞ്ഞഴുകിയതും ദുർഗ്ഗന്ധമുള്ളതുമായ ആഹാരം , അല്ലെങ്കിൽ നീച വാസനകൾ മുന്തിനിൽക്കുന്ന മൃഗങ്ങ ളുടെ പുതിയ മാംസം എന്നീ ആഹാരങ്ങൾകൊണ്ടു മനുഷ്യശരീര കോശങ്ങൾ വളരുകയാണെങ്കിൽ മനസ്സു നീചഭാവത്തിലേക്കു കൂടുതൽ ചായുമെന്നുള്ളതു കേവലം സ്വാഭാവികം മാത്രമാണ് . ഹിംസയുടേയോ അഹിംസയുടേയോ പ്രശ്നം ഇല്ലെങ്കിൽ തന്നെ യും , വേണ്ടതുപോലെ ആലോചിക്കാതെ കിട്ടുന്നതെന്തും കഴിക്കുക എന്ന ഭക്ഷണരീതി യാതൊരുവിധത്തിലും അഭിനന്ദനീയമല്ല .

ആശിക്കുന്നതെല്ലാം ചെയ്യുക എന്നതാകരുതു നിങ്ങളുടെ നയം . വേണ്ടും പോലെ ആലോചിച്ചശേഷം ഒരു പദ്ധതി രൂപീകരിക്കുക . ശരീരധർമ്മം സംരക്ഷിച്ചുകൊണ്ടുപോകാൻ ഭക്ഷണകാര്യത്തിൽ ഒരു തത്വം കൈക്കൊള്ളുകതന്നെ വേണം . അല്ലെങ്കിൽ അത് ' ' അപരിഗ്രഹ ' നിയമത്തിനു വിരുദ്ധമായിത്തീരും . അപരിഗ്രഹം എന്താണെന്നു പിന്നീടു വിശദീകരിക്കാം .

11*ഹിംസയും ബലപ്രയോഗവും ഒന്നല്ല . വേദനിപ്പിക്കണെ മെന്ന ചിന്ത മനസ്സിലില്ലെങ്കിലും ചിലപ്പോൾ ബലപ്രയോഗം ഹിംസയിൽ പരിണമിച്ചെന്നു വരാം . പരിതസ്ഥിതികളുടെ സമ്മർ ദ്ദത്താൽ ചില പ്രത്യേക വ്യക്തികൾക്കെതിരായി ബലം പ്രയോഗി ക്കാൻ നിർബ്ബന്ധിതരാകുമ്പോൾ ( ഹിംസയിൽ പരിണമിക്കുന്നു ) അത്തരം വ്യക്തികളെ സംസ്കൃതത്തിൽ ആതതായികൾ എന്നു പറ യുന്നു .

“ക്ഷേത്രദാരാപഹാരീച

ശസ്ത്രധാരീ ധനാപഹാഃ

അഗ്നിദ ഗരദശ്ചൈവ

ഷഡേതേ ഹ്യാതതായിനഃ "

ഏതൊരുവനാണു കൈയൂക്കുപയോഗിച്ചു നിങ്ങളുടെ വസ്തുവകകൾ കൈക്കലാക്കാനാഗ്രഹിക്കുന്നത് ,

നിങ്ങളുടെ ഭാര്യയെ അപഹരിക്കുന്നത് , ഒരായുധവുമായി നിങ്ങളെ കൊല്ലാൻ വരുന്നത് , ധനം പിടിച്ചുപറിക്കാനുദ്ദേശിക്കുന്നത് ഗൃഹങ്ങൾക്കു തീവയ്ക്കുന്നത് , വിഷം തന്നു ജീവനാശം വരുത്താനാശിക്കുന്നത്, അയാളെ ആതതായി എന്നു പറയാം. ഏതെങ്കിലും ഒരു വ്യക്തി യോ ജനതയോ മറ്റൊരു രാജ്യം മുഴുവനുമോ അതിന്റെ ഒരു ഭാഗ മോ കൈവശപ്പെടുത്താൻ തുടങ്ങുന്നുവെങ്കിൽ , അങ്ങനെ ആക്രമി ക്കുന്ന ശക്തിക്കെതിരായുള്ള ബലപ്രയോഗം അഹിംസാതത്വത്തിനു വിരുദ്ധമല്ല . മാത്രമല്ല , അഹിംസാപദത്തിന്റെ തെറ്റായ വ്യഖ്യാനം മൂലം , അഥവാ ഹിംസയും മൃഗീയശക്തിയും ഒന്നെന്നു വ്യാഖ്യാനി ക്കുന്നതുമൂലം ആവിധ പരിതസ്ഥിതിയിൽ സാധാരണ വ്യക്തി , ധനനഷ്ടത്താലും സുഖഹാനിയാലും ഈവിധമുള്ള മറ്റു ക്ലേശങ്ങ ളാലും ദുരിതം അനുഭവിക്കേണ്ടിവരും .

പല അവസരങ്ങളിലും പലരും അന്ധവിശ്വാസികളായ ജനങ്ങളെ കാര്യം ബോദ്ധ്യപ്പെടുത്തുന്നതിനു പകരം തങ്ങളുടെ പെരുമാറ്റം കൊണ്ട് അവരുടെ വികാരങ്ങളെ ക്ഷതപ്പെടുത്തുന്നതാ യിട്ടാണു സംഭവിച്ചുകാണുന്നത് . ചരിത്രം സൂക്ഷ്മമായി പരിശോ 12* ധിച്ചാൽ കാണാം . പലപ്പോഴും , വിഗ്രഹാരാധനയെ ധിക്കരിക്കു ന്നവർ കലയുടെ അപൂർവ്വോദാഹരണങ്ങളും മനോഹരങ്ങളുമായി അനേകം ദേവാലയങ്ങളെ നശിപ്പിച്ചിട്ടുണ്ടെന്ന് . ശില്പകലാപ്രക ടനത്തെ

പ്രദർശിപ്പിച്ചിരുന്ന മനോജ്ഞങ്ങളായ പ്രതിമകൾ പലതും അവർ തല്ലിത്തകർത്തു . ഈ പ്രവൃത്തികളെല്ലാം അങ്ങേ അറ്റം അക്രമപരങ്ങളാണ് . എന്തെന്നാൽ അവർ വിഗ്രഹാരാധകർക്ക് തീവ വേദനയുളവാക്കുന്നു . തൽഫലമായി , മൂർത്തിപൂജ നിഷ്ഫലമെന്നു പരിപൂർണ്ണ ബോദ്ധ്യമുണ്ടായാൽ പോലും , അവർ വിഗ്രഹങ്ങളെ സംബന്ധിച്ചു മർക്കടമുഷ്ടിയുള്ള വരായിരിക്കും . ഇതിന്റെ ഫല മായി വിഗ്രഹാരാധകരുടെ ആത്മീയപുരോഗതി തടയപ്പെടുമെന്നു മാത്രമല്ല , ആ മനുഷ്യസമുദായത്തിന്റെ മുഴുവനും പുരോഗതിയും പ്രതിരോധിക്കപ്പെടും . ഏതെങ്കിലും രാജ്യത്ത് ആരും അവശേഷി ക്കാതെ എല്ലാവരും മൂർത്തിപൂജ പരിത്യജിച്ചാൽ തന്നെയും ബ്രഹ് ചര്യതത്വങ്ങൾ അനുഷ്ഠിക്കുന്ന ആ രാജ്യത്തെ സാധകർ ചെയ്യുന്നത് ശില്പകലയ്ക്കും സൌന്ദര്യബോധത്തിനും ഉചിതമായ പരിഗണന നൽകിക്കൊണ്ട് വിഗ്രഹങ്ങളെ കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചു വയ്ക്കുകയായിരിക്കും . അവർ ഈ മനോഹരവസ്തുക്കളെ യാതൊ രുതരത്തിലും നശിപ്പിക്കുകയില്ല . ഒരു കലാവസ്തുവിനെ നശിപ്പി ക്കുമ്പോൾ , സൂക്ഷ്മഭാവം ആസ്വാദിക്കാനുള്ള ബോധത്തിനും നാശം സംഭവിക്കുന്നു . ഒരു വിധത്തിലും ഇത് ഉചിതമല്ല .

മനസ്സ് മതപരമോ , വർഗ്ഗീയമോ ആയ ചിഹ്നങ്ങളോടനു രഞ്ജിച്ചോ , അന്ധവിശ്വാസപരങ്ങളായ ആചാരങ്ങൾക്കു വഴങ്ങി യോ ഇരിക്കുമ്പോൾ , ആ

മനസ്സു സ്ഥലവിഷയങ്ങളിൽ മുഴുകി പ്പോകുന്നു . ഇത്തരത്തിലുള്ള വർഗ്ഗീയാന്ധവിശ്വാസങ്ങളെ തടയു വാനുള്ള ഏതൊരു സ്ഥലമാർഗ്ഗവും മനസ്സിൽ പ്രതികരണങ്ങളു ണ്ടാക്കുകയും , ഇതു സാധനയെ തടസ്സപ്പെടുത്തുകയും ചെയ്യും അതിനാൽ ബ്രഹഭാവനയിലൂടെ ഈ വ്യക്തികളുടെ മനസ്സു വികസിപ്പിക്കാൻ സഹായിക്കുകയാണ് ഏറ്റവും ഉത്തമമായ മാർഗ്ഗം . ഇങ്ങനെ ചെയ്താൽ മാത്രമേ അന്ധവിശ്വാസങ്ങൾ അനായാസേന പരിത്യജിക്കാനവർക്കു കഴിയു .

13* ബ്രഹ്മസാധനയുടെ ഘടകങ്ങളിലൊന്നായ അഹിംസാ തത്വം എന്തെന്ന് ഇപ്പോൾ വ്യക്തമായി മനസ്സിലായിരിക്കുമല്ലോ . മാതാപിതാക്കൾ ഒരു കുട്ടിയെ ശിക്ഷിക്കുന്നതു ഹിംസയാണോ , അതോ അഹിംസയാണോ എന്ന് ഇനി നമുക്കു പര്യാലോചിച്ചു . നോക്കാം . അല്ല , അതു ഹിംസയല്ല . എന്തെന്നാൽ ഉപദ്രവമോ വേദനയോ ഉളവാക്കണമെന്നുള്ള ഉദ്ദേശം അവിടെ അശേഷമില്ല . കുട്ടി കണ്ണുനീരൊലിപ്പിക്കണമെന്നുള്ളതല്ല ആ ശിക്ഷയുടെ ഉദ്ദേശം . തെറ്റു തിരുത്തുക എന്ന ഏകോദ്ദേശമാണ് ആ പ്രവൃത്തി ക്കു പ്രേരകം . ഒരു കള്ളനോ , കൊള്ളക്കാരനോ , മാന്യനോ , സ്നേ ഹിതനോ , ആരുതന്നെയായിരിക്കട്ടെ , പിശകു തിരുത്താനുള്ള സദുദ്ദേശത്തോടുകൂടി ചെയ്യുന്ന യാതൊരു കർമ്മവും - കാഴ്ച്ചയിൽ അതെത്ര നിഷ്ഠൂരമെന്നുതോന്നിയാലും ഹിംസയെന്നു പറയുവാൻ വയ്യ . ദൈനംദിന ജീവിതത്തിൽ അഹിംസാമാർഗ്ഗം

പിന്തുടരാൻ യാതൊരു വിഷമവുമില്ലെന്ന് ഇപ്പോൾ വ്യക്തമായിരിക്കുമല്ലോ . ഉഷ്ണരാജ്യങ്ങളിൽ , വിശേഷിച്ചും സസ്യവർഗ്ഗങ്ങൾ സമൃദ്ധിയായി ലഭിക്കുന്നിടത്ത് ആഹാരമായി മാംസം ഉപയോഗിക്കുന്നതു ദുർവ്വാ സനകളെ സൂചിപ്പിക്കുന്നു . എന്നിരുന്നാലും വൈദ്യോപദേശമനു സരിച്ചു , രോഗം മാറിയതിനുശേഷം ഒരു ഭക്ഷണമായോ ഔഷധ ത്തിന്റെ ഒരു ഘടകമായോ മാംസം ഉപയോഗിക്കുന്നതു ഹിംസ യെന്നോ ആർത്തിയെന്നോ പറഞ്ഞുകൂട . എന്തെന്നാൽ ആവക് പരിതസ്ഥിതികളിൽ മാംസം കഴിക്കുന്നതു ജീവികളെ കൊല്ലണമെ ന്നുദ്ദേശിച്ചോ കൊതികൊണ്ടോ അല്ല . ജീവസംരക്ഷണത്തിനുമാ ത്രമാണങ്ങനെ ചെയ്യുന്നത് . അത്യന്തം ശൈത്യമുള്ള രാജ്യങ്ങളിൽ ആവശ്യത്തിന്റെ സമ്മർദ്ദംകൊണ്ടു ജനങ്ങൾ മൃഗങ്ങളുടെ മാംസം ഭക്ഷിക്കുകയും , മൃഗങ്ങളുടെ തോൽ ഉടുക്കുകയും , അവയുടെ കൊഴുപ്പുകൊണ്ടു വിളക്കുകത്തിക്കുകയും ചെയ്യുന്നുണ്ട് .

അക്രമികൾക്കതിരായി സമരം ചെയ്യുന്ന തിലാണു പൌരുഷം വ്യക്തമാകുന്നത് . മഹാകാവ്യമായ രാമായണം 14*നോക്കുക. തന്റെ പത്നിയെ അപഹരിച്ചുകൊ ണ്ടുപോയ രാവണ ൻനേരെ സർവ്വശക്തികളോടും കൂടി ശ്രീരാമൻ സമരം ചെയ്തത തായി അതിൽ വിവരിക്കുന്നു . അഹിംസാതതവത്തിനു യാതൊരു വിധത്തിലും വിരുദ്ധമായി രുന്നില്ല ശ്രീ രാമ ൻറ പ്രവൃത്തി . എന്തെന്നാൽ രാജ്യം പിടിച്ചടക്കണമെന്നോ

ദ്രോഹിക്കണമെന്നോ ആശിച്ചല്ല അദ്ദേഹം ലങ്ക ആക്രമിച്ചത് .

മഹാഭാ ര തം നോക്കുക . കൌരവന്മാർ ക്കെതിരായി ആയുധമെടുക്കാൻ മഹാ പുരുഷ നായ ശ്രീകൃഷ്ണൻ പാണ്ഡ വന്മാരെ നിർബ്ബന്ധിച്ചു . കാരണം , ബലം പ്രയോഗിച്ചു രാജ്യാധി കാരം കൈയടക്കിയ അക്രമികൾ ( ആതതായികൾ ) ആയിരുന്നു കൌരവനാരെന്നുള്ളതുതന്നെ . സാമുദായിക മേഖലയിലും ആദ്ധ്യാത്മികലോകത്തും വലിയൊരു വിപ്ലവകാരിയും സ്നേഹ ത്തിന്റെ അവതാരമൂർത്തിയുമായ ശ്രീമൻ മഹാപ്രഭു ഹിംസാപര മായ മാർഗ്ഗങ്ങൾ കൈക്കൊണ്ടു എന്നാരും ദോഷാരോപണം ചെയ്കയില്ല . പക്ഷെ അദ്ദേഹം തന്നെയും പ്രജാപീഡ കനായ ഒരു കാസി ( Judge ) യുടെ നേരെ സിംഹത്തെ പ്പോലെ ചാടിവീണു . ഹിംസയും ബലപ്രയോഗവും സമാനാർത്ഥങ്ങളായിരുന്നെങ്കിൽ കരുണയുടെ അവതാരമായ മഹാപ്രഭു നിശ്ചയമായും അങ്ങനെ ചെയ്യുമായിരുന്നില്ല .

ഒരു അക്രമിക്കെതിരായി ബലം പ്രായോഗിക്കുന്നതാണു പൌരുഷം , അങ്ങനെ ശക്തി പ്രയോഗിക്കാതെ പിന്റുമാറുന്നതു ഭീരുത്വവും . എന്നാൽ ഒരു പ്രബലനായ ശത്രുവുമായി ഘോരസം ഘട്ടനത്തിൽ ഏർപ്പെടും മുമ്പു ദുർബ്ബലനായ വ്യക്തി തന്റെ ശക്തി യെ വിലയിരുത്തണം . നേരേമറിച്ചു വേണ്ടുവോളം ശക്തി സംഭരി ക്കാതെ സമരം തുടങ്ങിയാൽ അനീതി തൽക്കാല വിജയം നേടി യെന്നുവരും . ചരിത്രത്തിൽ ഈവിധമുള്ള പിശകിനു

രജപുത്രരുടെ വിഡ്ഢിത്തം(Rajput folly) എന്നാണു പറഞ്ഞിട്ടുള്ളത് . മുഗളാ 15*ക്രമണത്തെ എതിർത്തുനിൽക്കാൻ സധൈര്യം മുന്നേറിയിട്ടുള്ളവ രാണു രജപുത്രാർ. അവർ ശൂരതയോടെ പോരാടി എന്നതിനു തർക്കമില്ല . പക്ഷെ , തങ്ങളുടെ ശക്തി നോക്കാതെയാണവർ ശത്രു വിനോടു നേരിട്ടത് . അവരുടെയിടയിൽ അന്തഃഛിദ്രങ്ങളും ആഭ്യന്ത രകലഹങ്ങളും ഉണ്ടായിരുന്നു . അതിനാൽ യുദ്ധത്തിൽ സർവ്വദാ പരാജയം സംഭവിച്ച് അവർ വീരചരമം പ്രാപിച്ചു . ആകയാൽ ഒരക മിയോടു യുദ്ധം പ്രഖ്യാപനം ചെയ്യും മുമ്പു വേണ്ടുവോളം ശക്തി സംഭരിക്കേണ്ടതാവശ്യം തന്നെ . ശത്രുവിന്റെ സ്വഭാവദൂഷ്യങ്ങൾ തിരുത്തും മുമ്പ് അയാ ൾ ക്കു മാപ്പു നൽ കുന്നത് അനീതിയെ പ്രോത്സാഹിപ്പിക്കലാകും . നിങ്ങൾ ശക്തി പ്രയോഗിച്ചാലുമില്ലെ ങ്കിലും , ശത്രു നിങ്ങളെ നശിപ്പിക്കാൻ തല്പരനെന്നുകണ്ടാൽ , വേണ്ടത്ര ശക്തി സംഭരിക്കാൻ കാത്തിരിക്കാതെ നിങ്ങൾക്കുള്ള ബലം മുഴുവനും പ്രായോഗിച്ച് ഒരൊറ്റ അടിയെങ്കിലും കൊടുത്തിട്ടു നിങ്ങൾ മരിക്കുന്നതായിരിക്കും ഉചിതം .

ഉള്ളടക്കം

# 4 സത്യം

സത്യത്തിന്റെ അർത്ഥം :

## “പരഹിതാർത്ഥം വാങ്മനസോ യഥാർത്ഥത്വം സത്യം"

സത്യം എന്നതിനു മറ്റുള്ളവരുടെ ക്ഷേമത്തിനായുള്ള മനസ്സി ൻ റ യും വാക്കി ൻ റ യും ഉചി തമാ യ ഉപ യോഗം എന്നാണർത്ഥം . ഇതിനു തുല്യമായ ഒരു ഇംഗ്ലീഷുപദമില്ല . The അല്ലെ ങ്കിൽ Truth എന്ന പദത്ത ഋതം (യഥാർ ത്ഥാവസ്ഥ കുറിക്കുക) എന്നു സംസ്കൃതത്തി ലേക്കു ഭാഷാന്തരപ്പെടുത്താം. ഋതപഥത്തെ പിന്തുടരണ മെന്നു സാധകരോടാവശ്യപ്പെടുന്നില്ല . സത്യമാണ് അവർ പരിശീലിക്കേണ്ടത് . സത്യത്തിന്റെ പ്രായോഗിക 16* വ ശം ആപേക്ഷ ക ത്തെ അവ ലം ബിച്ചി രി ക്കുന്നു . എന്നാൽ അതിന്റെ അന്തിമാവസ്ഥ സ്ഥിതിചെയ്യുന്നത് പരബ്രഹ്മത്തി ലാണ് . ( പാരമാർത്ഥിക തത്വത്തിലാണ് . ) അതിനാലാണ് ബ്രഹ്മം സത്യസ്വരൂപമെന്ന് അടിക്കടി പറഞ്ഞുപോരുന്നത് .

## "സത്യം ജ്ഞാനമനന്തം ബ്രഹ്മ"

ആ പരമസത്തയെ പ്രാപിക്കയാണു സാധകൻ പരമ ലക്ഷ്യമെങ്കിലും , ആ ലക്ഷ്യപ്രാപ്തിക്കുള്ള പരിശ്രമത്തിൽ പരിസരങ്ങളോടിണങ്ങി പെരുമാറേണ്ടി വരും . വിവേകമുള്ള ഒരു ജീവിയാണു മനുഷ്യൻ . എന്താണാവശ്യം , അഥവാ മനുഷ്യത്വ ത്തിനു യോഗ്യമായതെന്താണ് എന്നറിഞ്ഞു പ്രവർത്തിക്കാനുള്ള കഴിവ് ഏറെക്കുറെ എല്ലാ മനുഷ്യരിലുമുണ്ട് . ഈ

വിധത്തിലുള്ള വിചാരങ്ങളും വാക്കും പ്രവൃത്തിയുമാണ് ആദ്ധ്യാത്മികതലത്തിൽ സത്യമെന്നു നിർവ്വചിക്കപ്പെടുന്നത് .

ഉദാഹരണമായി ഒരാൾ നിങ്ങളുടെ അടുക്കൽ അഭയം തേടാനായി ഓടിയണയുന്നു എന്നിരിക്കട്ടെ . നിങ്ങൾക്കറിഞ്ഞുകൂടാ അയാൾ അപരാധിയാണോ അല്ലയോ എന്ന് , അഥവാ അയാൾ കുറ്റക്കാരനല്ലെന്ന് അസന്നിഗ്ദ്ധമായി നിങ്ങളറിയുന്നു . അയാളെ ഉപദ്രവിക്കാനായി ഒരക്രമിയും അയാളെ അനുഗമിക്കുന്നുണ്ട് . ഭീതനായ ആ മനുഷ്യൻ നിങ്ങളുടെ വീട്ടിലഭയം പ്രാപിക്കുകയും , അയാൾ എവിടെപ്പോയെന്നു പുറകെവന്ന ദുഷ്ടൻ നിങ്ങളോടു ചോദിക്കയും ചെയ്താൽ നിങ്ങൾ എന്തു ചെയ്യണം ? ഋതം അഥവാ Truth പാലിക്കുന്നപക്ഷം നിങ്ങൾ അയാളുടെ അഭയസ്ഥാനം മറ്റവനെ അറിയിക്കും . ഇങ്ങനെ വരുമ്പോൾ അവിടെ ഒരു കൊല പാതകം നടക്കുകയാണെങ്കിൽ , ആ കൊലയ്ക്കുത്തരവാദി നിങ്ങളാണെന്നു കരുതുന്നതു ശരിയല്ലേ ? നിങ്ങളുടെ പിശകു നിരപരാധി 17* യായ ഒരു വ്യക്തിയുടെ മരണത്തിൽ കലാശിച്ചു എന്നുവരാം. ഋതം അഥവാ truth അവലംബിക്കുന്നതു കൊണ്ട് ഈ കൊടുംപാതക ത്തിനു നിങ്ങൾ പരോക്ഷമായി കുറ്റക്കാരനാകുന്നു . സത്യത്തിൻറ ശരിയായ അർത്ഥമാണ് അനുവർത്തിച്ചിരുന്നതെങ്കിൽ നിങ്ങളുടെ കർത്തവ്യം എന്തായിരിക്കും ? അയാൾ എവിടെയാണിരിക്കുന്ന തെന്നു വെളിവാക്കാതെ അഭയാർത്ഥിയെ രക്ഷിക്കാനായി അക മിയെ വഴി

തെറ്റിക്കുകയായിരിക്കും നിങ്ങളുടെ കർത്തവ്യം .അങ്ങനെ വരുമ്പോൾ അഭയം പ്രാപിച്ചവൻ സുരക്ഷിത മായി യഥാ സ്ഥാനത്തേക്കു തിരിച്ചുപോകാനിടയാകും . നിങ്ങളുടെ അമ്മ ആഹാരം കഴിച്ചുകൊണ്ടിരിക്കുന്നു എന്നു വിചാരിക്കുക , മാതൃ വഴിയിലുള്ള നിങ്ങളുടെ മുത്തച്ഛൻ മരിച്ചു പോയതായി ഒരു കത്തു കിട്ടി . അമ്മ ആ എഴുത്തിലെ വിവരങ്ങൾ ചോദിച്ചാൽ നിങ്ങൾ എന്തു മറുപടിപറയും ? നിങ്ങൾ ദൂതം മുറുകെ പിടിച്ചാൽ അവരുടെ അച്ഛന്റെ മരണവാർത്ത വെളിവാക്കും . അത് അമ്മയുടെ മനോ ഭാവ ത്തി നു വലിയ ഒരാഘാത മേല്പിക്കുകയും , അവർ ക്ക് ആഹാരം കഴിക്കാൻ പോലും കഴിവില്ലാതെ വരികയും ചെയ്യും . അവരുടെ കുടുംബത്തിൽ എല്ലാവർക്കും സൌഖ്യമാണെന്നു പറയു ന്നതായിരിക്കും അവിടെ കൂടുതൽ നല്ല ത് . അമ്മ ഭക്ഷണം കഴിച്ചുകഴിയുമ്പോൾ അവരുടെ അച്ഛൻ രോഗത്തെക്കുറിച്ചു പ്രസ്താവിക്കാം . ഇതവർക്ക് ഈ നിർഭാഗ്യകരമായ വാർത്ത താങ്ങുന്നതിനുള്ള കളമൊരുക്കും . ഇങ്ങനെ ചെയ്യുന്നതുകൊണ്ടു Truth അല്ലാതെ വേറെ ചിലതാണു പറഞ്ഞതെങ്കിലും സത്യ ത്തിന്റെ മഹിമ സംരക്ഷിതമായിട്ടുണ്ട് . ഉള്ളടക്കം

# 5 അസ്തേയം

## "പരദ്രവ്യാപഹരണോ ത്യാഗോ അസ്തേയം"

പരധനം സ്വായത്തമാക്കാതിരിക്കുന്നതാണ് , അസ്തേയം . ഇതിന്റെ അർത്ഥം മോഷ്ടിക്കാതിരിക്കുക എന്നത്രേ . മോഷണം നാലുവിധത്തിലാകാം .

18* 1. ഏതെങ്കിലും സ്ഥലവസ്തുവിന്റെ മോഷണം സ്ഥല വസ്തുക്കൾ മോഷ്ടിക്കുന്നവരെയാണു സാധാരണ യായി ചോരന്മാ രെന്നു പറയുന്നത് . കട്ടെടുത്ത സാധനങ്ങളും കൊണ്ട് ഓടിപ്പോകു ന്നവരോ , ആയുധബലംകൊണ്ട് കവർച്ച നടത്തികൊള്ളയടിച്ച സാമാ ന ങ്ങ ളും കൊണ്ടു കടന്നുകളയുന്നവരോ മാ ത്രമാ ണു കള്ളന്മാർ എന്നു പറയുന്നതു ശരിയല്ല . കൈയൂക്കോ ആയുധബ ലമോ ബുദ്ധിശക്തിയോകൊണ്ടു ധനമോ ഗൃഹോപകരണങ്ങളോ എന്തുതന്നെയായിരിക്കട്ടെ , സ്വാധീനമാക്കുന്നതും മോഷണംതന്നെ യാണ് . എന്തെന്നാൽ അങ്ങനെയുള്ള പ്രവൃത്തികളിൽ അന്യരുടെ മുതൽ വഞ്ചിച്ചെടുക്കാനുള്ള ഉദ്ദേശമുണ്ട് . എന്നാൽ പണമോ മറ്റേ തെങ്കിലും സാധനമോ കൈമാറ്റം ചെയ്ത് അംഗീകൃതമായരീതിയിൽ ഏതെങ്കിലും സാധനം സ്വീകരിക്കുന്നതു മോഷണമല്ല . ( വസ്ത കൊടുത്തു പണം വാങ്ങുക , ധാന്യത്തിനും സ്വർണ്ണത്തിനും പകരം പണം കൈമാറുക ഇത്യാദി . )

2 . മോഷ ണ ത്തി ൻ റ രണ്ടോ മ ത്ത രൂപം , സ്ഥല മാ യി യാതൊന്നും യാതൊരു പദാർത്ഥവും നിങ്ങൾ കൈവശപ്പെടുത്തി യില്ലെങ്കിലും മനസ്സിൽ അതിന് ആസൂത്രണം ചെയ്തു എന്നുള്ള താണ് . അങ്ങനെ ചെയ്താൽ പോലും അതു കളവാണെന്നു പറയ പ്പെടും . കാരണം , നിങ്ങളുടെ ഉള്ളിലെ മനുഷ്യൻ മോഷണം ചെയ്തുകഴിഞ്ഞു എന്നുള്ളതുതന്നെ . നിയമത്തിലൊ , പ്രതികൂല വിമർശനത്തിലോ ഉള്ള ഭയം ശാരീരികമായി അതു ചെയ്യാതെ നിങ്ങളെ തടഞ്ഞുവെന്നേയുള്ളു .

3 . അന്യരുടെ വകയായ യാതൊന്നും നിങ്ങൾ കൈവശപ്പെ ടുത്തുന്നില്ലായിരിക്കാം . പക്ഷെ , മറ്റുള്ളവർക്ക് ന്യായമായി ലഭി ക്കാൻ അർഹതയുള്ള വകകൾ ലഭിക്കാതെയാക്കി അവർക്കു നഷ്ട മുണ്ടാക്കാൻ നിങ്ങൾ ഉത്തരവാദിയാകുന്നു . ഇതും മോഷണത്തിൽ പെടും ,

19* 4 . യഥാർത്ഥത്തിൽ മറ്റുള്ളവർക്കു ന്യായമായി ലഭിക്കേണ്ടതി നൊന്നും നിങ്ങൾ ഹാനി വരുത്തുന്നില്ലെങ്കിലും മനസാ അങ്ങനെ ചെയ്യാനുദ്ദേശി ക്കുന്നു . ഇതും മോഷണം തന്നെ .

മേൽ പ്രസ്താവിച്ച മൂന്നും നാലും തരത്തിൽപ്പെട്ട മോഷ് ണത്തെ സംബന്ധിച്ച് അല്പമൊരു വിശദീകരണം ആവശ്യമാണ് . അഭ്യസ്തവിദ്യരായ പലരും , ശരിയായ ടിക്കറ്റുവാങ്ങാതെ റയിൽ യാത്രചെയ്യുന്നതായി നിങ്ങൾ കണ്ടിരിക്കാം . റയിൽവേ അധികാരി കളിൽനിന്നു

പ്രത്യക്ഷമായി അവർ പണം മോഷ്ടിക്കുന്നില്ലെങ്കി ലും , റയിൽവേ വകുപ്പിനു ന്യായമായി ലഭിക്കേണ്ട തുക അവർ അപഹരിക്കുന്നു . യാത്രക്കാരും റയിൽവേ ഭരണകൂടവും തമ്മിലുള്ള ബന്ധം ഒരുതരം സാധനവിനിമയ സമ്പ്രദായത്തിലുള്ളതാണ ന്നും , അതുകൊണ്ടു ടിക്കറ്റില്ലാത്ത യാത്ര മുൻപറഞ്ഞ മൂന്നും നാലും വിഭാഗത്തിലുൾപ്പെട്ട കളവാണെന്നും അല്പം ചിന്തിച്ചാൽ വ്യക്ത മാകും . തീവണ്ടിയിൽ യാത്രചെയ്യുന്നവർക്കെല്ലാം റയിൽവേ ഭരണ വിഭാഗത്തിന്റെ സേവനം ലഭിക്കുന്നുണ്ട് . ടിക്കറ്റു വാങ്ങുന്നതു വഴിയായി അവർ ആ സേവനത്തിനു മുഴുവൻ പ്രതിഫലവും കൊടു ക്കുന്നു . ഇതിൻറെ ഫലമായി ഒരു സമുദായസേവനത്തിൻറ പേരിൽ റയിൽവെ വകുപ്പുകാർ അത്രയ്ക്കു പൂജാർഹരാകുന്നില്ല . തീവണ്ടി സൌജന്യസേവനങ്ങൾക്കായി നിർമ്മി ത മല്ലാത്തിട ത്തോളം യാത്രക്കൂലി കൊടുക്കാതിരിക്കുന്നതു കളവുതന്നെ . അല്പ മൊന്നു ചിന്തിച്ചുനോക്കൂ . ഒരു ചെറിയ പണത്തുകയ്ക്കു വേണ്ടി മാത്രം ഇത്തരം കളവുചെയ്യുന്നവൻ എന്തൊരു മാന്യനാണ് എന്നി രുന്നാലും എല്ലാത്തരത്തിലും വമ്പു പറയുന്നതിൽ നിരതരായ ഇമ്മാതിരി ആളുകൾ നേതാക്കന്മാരെ നിർബ്ബാധം വിമർശിക്കു കയും അവർ അഴിമതിക്കാരും പക്ഷപാതികളുമാണെന്നു കുറ്റം ആരോപിക്കയും ചെയ്യുന്നു . അക്കൂട്ടരുടെ പോരായ്മകൾ ചൂണ്ടി ക്കാണിച്ചാൽ അവർ വാദിക്കും , “ ഇത്ര കണിശമായ സദാചാരവും കൊണ്ട് ഈ ലോകത്തിൽ ജീവിക്കാൻ വിഷ

മ മാ ണ് . ഈ 20* വിധത്തിൽ ഭരണം നടത്തുന്നവരോട് ഇങ്ങനെ തന്നെ പെരു മാറണം . ന്യായാനുസൃതമാണ് ഈ വിധമുള്ള കളവ് . ദിവ്യസന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന ധർമ്മ പ്രചാരകന്മാരും , സന്യാസിമാരും , അഥവാ രാജ്യത്തിന്റെ നന്മ എന്ന മഹനീയ ലക്ഷ്യത്തിൽ പ്രവർത്തി ക്കുന്ന രാഷ്ട്രീയ നേതാക്ക ന്മാ രും പല പ്പോ ഴും ടിക്കറ്റില്ലാതെ യാത്രചെയ്യുന്നതു കാണാം . ഇത് ഒരു ദൈനംദിന സംഭവമാണ് . ആദായനികുതിയിലും മറ്റു നികുതികളിലും നിന്നൊ ഴിഞ്ഞു നില്പ്പാനായി ഗവണ്മെൻറുദ്യോഗസ്ഥന്മാർക്ക് കൈക്കൂലി കൊടുക്കുക , യഥാർത്ഥത്തിൽ യാത്രചെയ്യുന്നതു താണക്ലാസ്സിലാണെങ്കിലും ഉയർന്നതരം ക്ലാസ്സിലെ യാത്രപ്പടി കണക്കെഴുതി വാങ്ങുക എന്നിത്യാദികളെല്ലാം വഞ്ചനയല്ലാതെ മറ്റൊന്നുമല്ല . അതു കളവുമാത്രമല്ല നീചത്വം കൂടിയാണ് .

കളവിനുള്ള ഈ വാസനകളെല്ലാം അസ്തേയം എന്ന തത്വ ത്തിനു വിരുദ്ധ മാണ് . പല പ്പോഴും ബുദ്ധി മാന്മാർ പോലും അറിഞ്ഞുകൊണ്ടുതന്നെ അസ്തേയത്തിന്റെ തത്വത്തിനു വിപരീ തമായി പ്രവർത്തിക്കുന്നു . അഥവാ നിസ്സാരങ്ങളായ കളവുകൾ അതിനെതിരാണെന്നംഗീകരിക്കാൻ അവർ തയാറല്ല . ഒരിക്കൽ റയിൽവെ ഉദ്യോഗസ്ഥനായ ഒരു മിത്രം ഈ ലേഖകനോടു ചോദിക്കയുണ്ടായി , അര ടിക്കറ്റു മതിയെന്നുള്ളപ്പോൾ 13 വയസ്സു പ്രായ മാ യി ഭാഗിനേയനു മുഴുടിക്കറ്റു

വാങ്ങിയതെന്തിനാണെന്ന് . ( 12 വയസ്സുവരെ അരടിക്കറ്റ് അനുവദിച്ചിട്ടുള്ളപ്പോൾ )

ചില സദാചാരികളുണ്ട് . ഒരു പ്രത്യേകവ്യക്തിയെ ചതി ക്കാനവർക്കായില്ല . പക്ഷെ , ധാരാളം സ്വത്തുള്ളവരേയോ ഗവണ്മെൻറിനേയോ വഞ്ചിക്കുന്നതിൽ തെറ്റുണ്ടെന്നു കരുതാ ത്തവർ . പല കച്ചവടക്കാരും സാമാനം വാങ്ങാൻ ചെല്ലുന്നവർക്കു മായം ചേർത്ത ചരക്കുകൾ വിൽക്കും . എന്നാൽ തന്റെ സ്നേഹി താരെയും അതിഥികളെയും കലർപ്പറ്റ് സാധനങ്ങൾ കൊണ്ടു 21* സൽക്കരിക്കയും ചെയ്യും . ഇത്തരം മാനസികപശ്ചാത്തലത്തോടു കൂടിയ പ്രവൃത്തികളെല്ലാം അതേയത്തിനു വിരുദ്ധമാണെന്ന് ഓർ മ്മിക്കണം . മറ്റു യമനിയമതത്വങ്ങളുടെ കാര്യത്തിലെന്നപോലെ , സ്വയംബോധം ജനിപ്പിക്കുകയാണ് അസ്വയം പരിശീലിക്കാനുള്ള എളുപ്പമാർഗ്ഗം . ഒരുവൻ ശൈശവംമുതലേ ഈ തത്വങ്ങൾ അനു സ്മരിക്കുകയും , എന്താണു ശരിയെന്നു സ്വയം വിശകലനം ചെയ യും ചെയ്യുന്നുവെങ്കിൽ പ്രായമായാലും അയാൾ എതു പ്രലോഭന ങ്ങൾക്കിടയിലും വഴിപിഴച്ചുപോകയില്ല . തന്റെ ചിന്തകളുടെയും സ്വഭാവത്തിന്റെയും ഉന്നതനിലവാരം പുലർത്താൻ അയാൾക്കു കഴിയും .

ഉള്ളടക്കം

# 6 ബ്രഹ്മചര്യം

ബ്രഹ്മചര്യത്തിന്റെ ശരിയായ അർത്ഥം ബ്രഹ്മത്തോട് ആസക്തമായിരിക്കുക എന്നാണ് .

"ബ്രഹ്മണി വിചാരണം ഇതി ബ്രഹ്മചര്യം"

ഒരാൾ എന്തെങ്കിലും പ്രവൃത്തി ചെയ്യുമ്പോൾ , അഥവാ എന്തെങ്കിലും ബാഹ്യകർമ്മങ്ങൾ ചെയ്യാനാലോചിക്കു മ്പോൾ സമ്പർക്കത്തിനിടയാകുന്ന വിഷയത്തെ ഒരു സ്ഥലമായി പരിമിതവസ്തുവായി അയാൾ വീക്ഷിക്കുന്നു . ഭൌതികനേട്ടങ്ങൾ ക്കുള്ള നിരന്തരമായ അഭിലാഷംകൊണ്ടു തന്റെ ചൈതന്യസത്ത കൂടി ജഡമായി തീരത്തക്കവിധത്തിൽ അയാളുടെ മനസ്സു ഭൌതിക വസ്തുക്കളിൽ മുഴുകിപ്പോകുന്നു . നിങ്ങളുടെ സമ്പർക്കത്തിൽപെ ടുന്ന സകല വസ്തുക്കളേയും സ്ഥലപദാർത്ഥങ്ങളായിട്ടല്ലാതെ ബ്രഹ്മ ത്തി ൻറ വിവി ധാവി ഷ് ക ര ണ ങ്ങ ളാ യി ദർ ശിക്കുക . എന്നാണു ബ്രഹ്മചര്യസാധനയുടെ പരിശീലനം എന്നതിനർത്ഥം . ഇങ്ങനെ ഭാവനചെയ്താൽ മനസ്സ് ഒരു വസ്തുവിൽ നിന്നു മറ്റൊ ന്നിലേക്ക് അലഞ്ഞുനടന്നാലും ബ്രഹ്മത്തിൽ നിന്നു വ്യതിചലി ക്കയില്ല . എന്തെന്നാൽ ഓരോ വസ്തുവും ബ്രഹ്മഭാവേനയാണ് 22* അയാൾ പരിഗ്രഹിക്കുന്നത് . ഇതിന്റെ ഫലമായി പ്രേയസാധന ശ്രയസാധനയായും , കാമം പ്രേമ മായും രൂപാന്തരപ്പെടുന്നു . ( പ്രയമെന്നാൽ

സ്ഥലമായ ഭൌതികവസ്തുക്കളോടുള്ള ആകർഷ ണമെന്നും , ശ്രയമെന്നാൽ പരമസത്യത്തിനോടുള്ള ആകർഷണ മെന്നും അർത്ഥമാണ് . കാമം എന്നതിനു പരിമിത വസ്തുക്കൾക്കു വേണ്ടിയുള്ള അഭിലാഷം എന്നും പ്രേമം എന്നതിനു മഹത്തിനു (ബ്രഹ്മത്തിനു) വേണ്ടിയുള്ള അഭിലാഷമെന്നു മാണ് അർത്ഥം )

ശുക്ലധാതുവിന്റെ സംരക്ഷണമാണു ബ്രഹ്മചര്യമെന്നു പലരും തെറ്റായി വ്യാഖ്യാനിക്കുന്നു . ബ്രഹ്മം , ചര്യ ഈ പദങ്ങളി ലൊന്നിനും ശുക്ലം എന്ന പദത്തോട് ഒരു ബന്ധവുമില്ലെന്ന് ഓർമ്മി ക്കണം . എന്നുമാത്രമല്ല , ശരീരശാസ്ത്രരീത്യാ നോക്കിയാലും ഇങ്ങനെ ശുക്ലം സംരക്ഷിക്കുന്നതു നിരർത്ഥകമാണ് . ചില പ്രത്യേക ഗ്രന്ഥികൾ രോഗബാധിതങ്ങളാകയാലോ , ഔഷധങ്ങൾ ഉപയോഗിച്ചതുകൊണ്ടോ , ഇതുപോലുള്ള മറ്റേതെങ്കിലും കാരണ ങ്ങളാലോ ഒരാൾ വികലാംഗനായിട്ടില്ലെങ്കിൽ ആവിധമുള്ള ബ്രഹ്മ ചര്യം പാലിക്കാൻ സാദ്ധ്യമല്ല . ബ്രഹ്മചര്യം എന്ന പദത്തിന്റെ സ്വാഭാവികമായ അർത്ഥം സ്വീകരിക്കുന്നുവെങ്കിൽ ( അതായത് ഓരോ ഭൗതികവസ്തുവിലും ബ്രഹ്മത്തെ ദർശിക്കുക ) മനുഷ്യജീ വിതത്തിൽ നിയന്ത്രണം ആവശ്യമാണെന്നുള്ളതു തികച്ചും സത്യ മാണ് . എന്നാൽ ഈ നിയന്ത്രണത്തിനു പ്രകൃതി നിയമങ്ങളെ അനു സരിക്കാതിരിക്കുക എന്നർത്ഥമില്ല . നിയന്ത്രണമെന്നാൽ പ്രകൃതി നിയമങ്ങളെ വേണ്ടും പോലെ പരിപാലിക്കുക എന്നാണർത്ഥം . ചില പ്രത്യേകോപായങ്ങളാൽ ശുക്ലസ്ഖലനം തടയുക ; അഥവാ

ഉപവാസം മൂലം അതിന്റെ അധികോല്പാദനത്തെ തടയുക ; ഇതാണു സാധാരണയായി ബ്രഹ്മചര്യം എന്നു പറയപ്പെടുന്നത് . അവിവാഹിതരുടെ കാര്യത്തിൽ അങ്ങനെയുള്ള ബ്രഹ്മചര്യത്തിന് ( യഥാർത്ഥത്തിലുള്ള ബ്രഹ്മചര്യമല്ല അത് എന്തെങ്കിലും അർത്ഥ മുണ്ട് . എന്തെന്നാൽ ഇത് മൈഥുനേച്ഛ ഉദ്ദീപിപ്പിക്കാനുള്ള സാദ്ധ്യ 23* തയെ ലഘൂകരിക്കുന്നു . തന്റെമൂലം ജാഗ്രദവസ്ഥ യിലോ സുഷുപ്തി യിലോ സ്വപ്നത്തിലോ ഉണ്ടാകാവുന്ന സ്ഖലനത്തെ തടയുകയും ചെയ്യുന്നു . ശുക്ലത്തിന്റെ അധികോല്പാദനം ഉണ്ടാകാത്തപ്പോൾ അതിനെ ക്ഷയിപ്പിക്കാനുള്ള ശാരീരികമായ അഭിലാഷവും ഉണ്ടാ കുകയില്ല . കുറച്ചുകൂടി ചിന്തിച്ചുനോക്കിയാൽ കാണാം , ആവിധ മുള്ള ബ്രഹ്മചര്യത്തിന് എന്തു വിലയാണുള്ളതെന്ന് . ശുക്ലത്തിന്റെ അധികോല് പാദനം തടയുക , അധികമു ണ്ടാകുന്ന ശുക്ലത്തെ നഷ്ടപ്പെടുത്തുക ഇതുരണ്ടും ഒരേകാര്യം തന്നെയല്ലേ ? ആദ്യം പറഞ്ഞത് അവിവാഹിതർക്കും , രണ്ടാമത്തേതു വിവാഹിതർക്കും നല്ലതാണെന്നുമാത്രം പൊതുവെ പറയാം .

വിവിധങ്ങളായ ദമനോപായങ്ങൾ കൊണ്ടു ശുക്ലസ്ഖല നത്തെ നിരോധിക്കാൻ ആഗ്രഹിക്കുന്ന വരുടെ ശരീരത്തിലും മനസ്സി ലും ചീത്ത പ്രതികരണങ്ങ ളുണ്ടാകും . അവരുടെ ശരീരം പരുഷ് മായും തേജോവിഹീനമായും തീരും , കാമരിപുവിന്റെ നിയന്ത്രണം മറ്റു രിപുക്കളുടെ രൂപത്തിൽ പരിണമിക്കും . പ്രത്യേകിച്ചും ക്രോധം അതിഘോരമായ ഒരു രൂപം തന്നെ

കൈക്കൊള്ളും , പുരാതനകാല ങ്ങളിൽ ബ്രഹ്മചര്യത്തിന്റെ യഥാർത്ഥമായ അർത്ഥം മാത്രമാണു അംഗീകരിച്ചിരുന്നത് . പിന്നീടു സമുദായം ബുദ്ധിമാന്മാരുടെ ആധിപത്യത്തിൽ വന്നപ്പോൾ പ്രാജ്ഞന്മാർ - ചൂഷണമശേഷം തൊഴിലായിവരിച്ചിരുന്ന സന്യാസി കളെന്നു പറയപ്പെട്ടവർ - വിചാരിച്ചു , ഒരു സാധാരണ പൌരന് ആദ്ധ്യാത്മിക പരിശീലനം ചെയ്യാനനുവാദം നൽകിയാൽ , തങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട ചൂഷണപ്രവർത്തനത്തിനുള്ള യന്ത്രസാമഗ്രികൾ ഏതൊരു നിമിഷ വും നഷ്ടപ്പെട്ടേക്കാമെന്ന് . സാധാരണ മനുഷ്യൻ ആത്മീയാദർശ ങ്ങളാൽ ഉൽബുദ്ധനായാൽ അവന്റെ വിവേകം വളർന്നു വളർന്നു വരും . അതുകൊണ്ടു പൊതുജനങ്ങളെ വികലാംഗ ന്മാരും നിസ്സഹായരുമായിത്തന്നെ നിലനിർത്തണം മനുഷ്യനെ ചൂഷണം ചെയ്യാൻ അവനിൽ ഭയവും അപകർ ഷ ബോധവും കുത്തി 24* വയ്ക്കണം , ചൂഷണത്തിനിരയായ ആവിധ ജനങ്ങൾ ഭൂരിഭാഗവും വിവാഹിതരായി സാധാരണ ലൌകിക ജീവിതം നയിക്കുന്നവരാ ണെന്ന് അവർ കണ്ടു . അതുകൊണ്ട് ഏതു വിധേനയും , ശുക്ലനഷ്ടം മതവിരുദ്ധമാണെന്നു പ്രഖ്യാപിച്ചാൽ വിഷമംകൂടാതെ അവർക്കു തങ്ങളുടെ കാര്യം നേടാൻ കഴിയും . അതിവേഗത്തിൽ അതിൻറ ഫലവും ലഭിച്ചു . ഗൃഹസ്ഥജീവിതം നയിക്കുന്നതുമൂലം തങ്ങൾ ഒരു ഗംഭീരമായ തെറ്റ് - ഒരു ഘോരമായ പാപമാണു ചെയ്യുന്ന തെന്നും , ബ്രഹ്മചര്യത്തിനു

വിരുദ്ധമായ പ്രവർത്തനങ്ങളിൽ തങ്ങൾ മുഴുകിപ്പോയെന്നും ലൌകികജീവിതം നയിച്ചിരുന്ന സാധാരണ ജനങ്ങൾ ചിന്തിക്കാൻ തുടങ്ങി . യതികൾ അവിവാഹിതരായി ജീവിച്ചു . തന്റെമൂലം അവർ മറ്റുള്ളവരേക്കാൾ വളരെ ശ്രേഷ്ഠന്മാ രുമായി . പരിവ്രാജകരെന്നു പറയപ്പെടുന്ന അവർ , കിട്ടിയ അവസരം പാഴാക്കാതെ അനായാസേന സമുദായത്തെ ചൂഷണം ചെയ്യാനും തുടങ്ങി .

ഈ പരിവ്രാജകനാർ യഥാർത്ഥത്തിൽ നൈഷ്ഠിക ബ്രഹ്മ ചാരികളാണോ എന്ന് (ശുക്ലംഒട്ടും പാഴാക്കിയിട്ടില്ലാത്തവർ ) യുക്തി കൊണ്ടു തീരുമാനിക്കാൻ സാദ്ധ്യമല്ല . മെഡിക്കൽ പരിശോധന കൊണ്ടു മാത്രമേ ഇതു നിർണ്ണയിക്കാൻ കഴിയൂ. സന്യാസികളെന്നു പറയപ്പെടുന്ന അവരിൽ അധികം പേരും ഈ പരീക്ഷണത്തിൽ വിജയികളാകയി ല്ലെന്നു നിസ്സംശയം പറയാം.

കുളി, ആഹാരം, നിദ്ര ആദിയായവപോലെ വിവാഹവും ഒരു പ്രകൃതിധർമ്മമാണ് . അതിനാൽ അതിൽ നിന്ദാർ ഹമായിട്ടൊന്നു മില്ല . മാത്രമല്ല , അതു ധർമ്മവിരുദ്ധവുമല്ല . ഒരു മഹാപുരുഷന് , അഥവാ ഉച്ചനില പ്രാപിച്ചിട്ടുള്ള ഒരു സാധകന് ആഹാരം കഴിക്കുക തുടങ്ങിയവ നിഷേധിക്കപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്കു വിവാഹം പാടി ല്ലെന്നു പറയുവാൻ ഒരു കാരണവുമില്ല . എന്നാലും , ആഹാരം , നിദ്ര എന്നല്ല ജീവിതത്തിലെ ഓരോ ചര്യയിലും ശരിയായ

നിയന്ത്രണം അത്യന്താപേക്ഷിതമാണ് . അങ്ങനെയുള്ള നിയന്ത്രണ മില്ലാതെ വന്നാൽ രോഗത്തിനു കാരണമാകും . ജീവിക്കാൻ ആഹാരം കൂടിയേതീരു . പക്ഷെ ആഹാരകാര്യത്തിൽ ഒരു ക്രമീക രണമില്ലെങ്കിൽ അജീർണ്ണം ബാധിക്കും . കുളി ക്ഷീണം തീർക്കുമെ ങ്കിലും നിയന്ത്രണമില്ലാതെ വന്നാൽ -അതായതു നീണ്ടുതുടർന്നുള്ള കുളികൊണ്ട്- ജലദോഷം പിടിപെടും . ഇതുപോലെ വിവാഹ ത്തിനും അതിന്റേതായ പ്രയോജനമുണ്ടെങ്കിലും വൈവാഹിക ജീവിത്തിൽ സംയമനമില്ലാതെ വന്നാൽ മനസ്സിനും ശരീരത്തിനും പലവിധരോഗങ്ങളുണ്ടാകാൻ കാരണമാകും .

ഭക്ഷണം , നിദ്ര മുതലായ ജീവിതത്തിലെ മറ്റു ധർമ്മങ്ങ ളിൽ നിന്നും അല്പം വ്യത്യസ്തമാണു വിവാഹം . ആഹാരവും നിദ്രയുംപോലെ വിവാഹം അത്രയ്ക്ക് അത്യാവശ്യകമല്ല .

വിവാഹത്തിന്റെ ആവശ്യം വ്യക്തിപരമായി വ്യത്യസ്ത മായിരിക്കുന്നു . ഇതുകൊണ്ടാണ് ആനന്ദമാർഗ്ഗത്തിന്റെ അഭിപ്രാ യത്തിൽ ഓരോ വ്യക്തിക്കും വിവാഹകാര്യത്തിൽ പൂർണ്ണസ്വാതന്ത്ര്യ മുള്ളത് . ഉദാഹരണമായി ശാരീരികമോ മാനസികമോ ആയ രോഗങ്ങളുള്ളവരോ , സാമ്പത്തികാവസ്ഥ മെച്ചമല്ലാത്തവരോ , തൽക്കാല പരിതസ്ഥിതി വിവാഹത്തിന് അനുയോജ്യമല്ലാത്തവി രോ ( അതായതു വിവാഹം അസന്തുഷ്ടിക്കു കാരണമാകാമെന്നുള്ള പ്പോൾ ) വിവാഹം കഴിക്കുന്നത് ആശാസ്യമല്ല . ഒരാദർശത്തിൻറ

സാഫല്യത്തിൽ നിരന്തരം മുഴുകിയിരിക്കുന്നവർ , അഥവാ ഉപ് ജീവനമാർഗ്ഗം നേടുവാനോ മറ്റു മാനസിക വ്യാപാരങ്ങൾക്കോ ആയി തങ്ങളുടെ അധികസമയവും ചെലവഴിക്കേണ്ടിവരുന്നവർ വിവാഹം കഴിക്കാതിരിക്കുന്ന താണു കൂടുതൽ നല്ലത് . എന്തെന്നാൽ കുടുംബകാര്യങ്ങൾ ശരിയായി നിർവ്വഹിക്കാൻ അവർക്കു സാദ്ധ്യ മാകുന്നില്ല . അങ്ങനെയുള്ള വ്യക്തികളുടെ വിവാഹം പലപ്പോഴും സമുദായത്തിനു ഹാനികരമാണ് . 26* രോഗബാധിതരും അനുകൂലസാ ഹചര്യങ്ങളില്ലാത്തവരും വിവാഹിതരാകുന്നതു നന്നല്ല . എന്നിരു ന്നാലും വിവാഹിതരല്ലാത്തതുകൊണ്ട് അവർ രഹസ്യമായി പല ദുർവൃത്തികളിലും നിരതരാകാനിടയുണ്ട് . ഇങ്ങനെ സംഭവിക്കാതി രിപ്പാൻ അവർ ഏതെങ്കിലും ഉന്നതാദർശങ്ങൾ നേടുവാൻ യത്നി ക്ക യോ കഠിനസാ ധനകൾ ( ആദ്ധ്യാത്മിക പരിശീലനങ്ങൾ ) ചെയ്തുതുടങ്ങുകയോ വേണം . ദുർവ്വാസനകളെ അടിച്ചമർത്തുന്ന തുമൂലമുണ്ടാകാവുന്ന മാനസികമായ അപകർഷം ഒഴിവാക്കാൻ , ഒരു ഉന്നതാദർശത്തിന്റെ പൂരണത്തിനുള്ള ഉദ്യമം കൊണ്ട സാദ്ധ്യമാകു .

മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ - വീണ്ടും അതുതന്നെ ആവർത്തിച്ചും പറയുന്നു - ജീവിതത്തിന്റെ ഗുരുവോ ലഘുവോ ആയ ഏതു മേഖലയിലും സംയമം പരിശീലിക്കേണ്ടതാണെന്ന് . അങ്ങനെയുള്ള നിയന്ത്രണത്തിനർത്ഥം ആഗ്രഹങ്ങളെ നിഗ്രഹിക്ക ണമെന്നല്ല

, നിയന്ത്രിക്കണമെന്നാണ് . ഒരു ജീവിയുടെ സഹജധർമ്മ മാണ് ആഗ്രഹങ്ങളും വാസനകളും . അതിനാൽ ആഗ്രഹങ്ങളെ നിഗ്ര ഹിക്കാനാശിക്കുന്നവർ , ഏതെങ്കിലും കഠിനസാധനാക്രമം പരിശീ ലിക്കുന്നതിനു പകരം ആത്മഹത്യചെയ്യാനുള്ള ഏതെങ്കിലും എളുപ്പ മാർഗ്ഗം കൈക്കൊള്ളുകയാണുഭേദം . ശൈവാരോ , ശാക്ത . യന്മാ രോ , വൈഷ്ണവ ന്മാരോ അഥവാ പുരാണങ്ങളിൽ വിശ്വസിക്കുന്നവരോ ആവിധ ബ്രഹ്മചര്യത്തെ പിന്താങ്ങാനുള്ള യാതൊരു കാരണവും ഞാൻ കാണുന്നില്ല . എന്തെന്നാൽ അവരുടെ ആരാധനാമൂർത്തികളായ ശിവനും വിഷ്ണുവും കൃഷ്ണനും മറ്റെ ല്ലാവരും ലൌകികജീവിതം നയിച്ചവരായിരുന്നു എന്നു പൊതുവെ അറിയപ്പെടുന്നു . അവരുടെ ഭാര്യമാരുടെയും സന്താനങ്ങളുടെയും പേരുകൾകൂടി പുരാണങ്ങളിൽ എടുത്തുപറഞ്ഞിട്ടുണ്ട് .

ധർമ്മം , സത്യത്തെ ആധാരമാക്കി നിൽക്കുന്നു .

“ധർമ്മ : സ : ന യത്ര ന സത്യമസ്തി".

സത്യമില്ലാത്തിടത്തു ധർമ്മവുമില്ല. 27* ബ്രഹ്മചര്യത്തി ന്റെ ഈ പ്രത്യേക വ്യാഖ്യാനത്തിൽ സത്യം ഒഴികെ എന്തും , എല്ലാംതന്നെ അടങ്ങിയിരിക്കാം . അതുകൊണ്ട് അതിൽ ധർമ്മമില്ല . ബ്രഹ്മവുമില്ല .

ലഘുവായ സത്യം സ്വീകരിച്ചിട്ടുവേണം മനുഷ്യനു പരമ സത്യത്തിലേക്കു പുരോഗമിക്കാൻ . അതാണ് ഒരു സാധകൻ മാർഗ്ഗം . അതാണു ധർമ്മത്തിൻറ പഥം .

പ്രായോഗിക ജീവിത ത്തിൽ ലളിതസത്യത്തെ നിഷേധിക്കുക എന്നത് മതം ഒരു തൊഴി ലായി സ്വീകരിച്ച് മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുന്നവരുടെ പ്രത്യേ കാവശ്യമായി രിക്കാം . പക്ഷെ അതുകൊണ്ടു ധർമ്മത്തിന്റെ റ പവിത്രത പാലിക്കാനാവില്ല . അതു സത്യത്തിന്റെ പന്ഥാവല്ല . കൃത്രിമത്തിന്റെ ( hipocrisy ) മാർഗ്ഗമാണത് . ഉള്ളടക്കം

# 7 അപരിഗ്രഹം

ഏതെങ്കിലും ഭൌതികവസ്തുക്കളുടെ ആസ്വാദനത്തിൽ ആത്മനിഷ്ഠമായ സംയമത്തിനു ബ്രഹ്മചര്യമെന്നും , വസ്തുനി ഷ്ഠമായ നിയന്ത്രണത്തിന് അപരിഗ്രഹമെന്നും പറയുന്നു .

“ ദേഹരക്ഷാതിരിക്ത ഭോഗസാധനാ

അസ്വീകാരോ അപരി ഗ്രഹഃ"

ജീവിത നിർവ്വഹണത്തിന് ആവശ്യമുള്ളതിൽ കവിഞ്ഞ സുഖഭോഗങ്ങളിൽ ആസക്തിയില്ലാതെ വരുന്നതാണ് അപരിഗ്രഹം . ഉദാഹരണമായി നമുക്ക് ആഹാരവും വസ്ത്രവും താമസിക്കാ നൊരു വീടും വേണം . വാർദ്ധക്യകാലത്തേക്കുവേണ്ടതു സംഭരിച്ചു വയ്ക്കണം . ആശ്രിതർക്കു ധനവും കൃഷിസ്ഥലങ്ങളും കരുതേ ണ്ടതും അത്യാവശ്യം തന്നെ . അ തി നാൽ ഒരു

വ്യക്തിയുടെ 28* കാര്യത്തിൽ ജീവിതസംരക്ഷണത്തിനുള്ള പരിധി നിർണ്ണയിക്കാൻ അനേക കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട് . ഏതെങ്കിലും രണ്ടു പേരുടെ ആവശ്യങ്ങൾ ഒരേതരത്തിലല്ലെന്നുവരാം , അതിനാൽ ഒരു പ്രത്യേകവ്യക്തിയുടെ പരിമിതമായ ആവശ്യങ്ങൾ നിശ്ചയിക്കാൻ വിഷമമാണ് . എന്തെന്നാൽ അത് ഒരു ആപേക്ഷിക ഘടകമാണ് . ഒരാളുടെ ഏറ്റവും ചുരുങ്ങിയ ആവശ്യങ്ങൾ ഏറെക്കുറെ നിശ്ചയി ക്കാൻ സമുദായത്തിനു കഴിയും . ഉദാഹരണമായി ഒരു പ്രത്യേക തുകയിൽ കവിഞ്ഞ് ആരും സംഭരിക്കരുത് , ഒരു നിശ്ചിത എണ്ണ ത്തിൽ കൂടുതൽ ഭവനങ്ങൾ ഒരാൾക്കുണ്ടായിരിക്കരുത് , ഒരുത്തർക്കും ഒരു ക്ലിപ്തപരിമാണത്തിൽ കൂടതൽ ഭൂസ്വത്തുണ്ടായിരിക്കരുത് എന്നിത്യാദികൾ . പക്ഷെ , എല്ലാ മേഖലകളിലും കുറഞ്ഞ പരിധി നിശ്ചയിക്കാൻ സമുദായത്തിനും സാദ്ധ്യമല്ല . വസ്തുവകകൾ . സ്വത്തുതുടങ്ങിയവയ്ക്കെല്ലാം ഒരതിരുകല്പ്പിച്ചാൽ തന്നെയും ആഹാരകാര്യത്തിൽ ഒരളവു നിശ്ചയിക്കാനാവില്ല . ഭക്ഷണ പ്രിയന്മാർ അമിതാഹാരം കഴിക്കയും രോഗബാധിതരാകയും ചെയ്തെന്നു വരാം . സുഖലോലുപന്മാർ തങ്ങളുടെ സുഖഭോഗ ങ്ങൾക്കായി അമിതമായി ചെലവു ചെയ്തു കടം വരുത്തിവച്ചെന്നു വരാം . അതിനാലാണു വ്യക്തിയും സമുദായവും ഏകോപിച്ചു സഹ കരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചാൽ വ്യക്തിക്ക് അപരിഗ്രഹ ത്തിൽ പ്രതിഷ്ഠ നേടുന്നകാര്യം കൂടുതൽ

എളുപ്പമായിത്തീരുന്നത് . വ്യക്തിയുടെ സ്വയം തീരുമാനത്തിനു വിട്ടുകൊടുത്തിരിക്കുന്ന വ്യക്തിപരമായ ആവശ്യങ്ങളുടെ വിഷയങ്ങൾ , പ്രധാനമായി സന്തുഷ്ടിയേയും സുഖത്തേയും സംബന്ധിച്ചുള്ള ആ വ്യക്തിയുടെ സങ്കല്പത്തിനനുസൃതമായിരിക്കും . അതു വ്യക്തിഭേദവും ദേശഭേ ദവുമനുസരിച്ചു മാറിക്കൊണ്ടുമിരിക്കും . ഒരു ഉദാഹരണം പറയാം . ഒരാൾക്കു കായികമായ ചില ക്ലേശങ്ങൾ അനായാസേന സഹി ക്കാൻ കഴിഞ്ഞേക്കാം . എന്നാൽ മറ്റൊരാൾ അതേ പരിതസ്ഥിതി യിൽ മരിക്കാനായിരിക്കാം ഇടയാകുന്നത് . ഈ പരിതസ്ഥിതിയിൽ രണ്ടാ മ നു തൻ റ ക്ലേശ ങ്ങൾ പരിഹരിക്കാൻ ആദ്യത്ത 29* കാ ര ണ അ ക്കാ ല ത്ത് ആളേക്കാൾ കൂടുതൽ ജീവിതസുഖസൌകര്യങ്ങൾ ആവശ്യമായി രിക്കുന്നു . ഇത് അപരിഗ്രഹത്തിനു വിരുദ്ധമല്ല . ഈ സംഗതിയിൽ ദേശഭേദംകുടി ആലോചിക്കേണ്ടതുണ്ട് . ഇൻഡ്യയിൽ ഉഷ്ണകാല ത്തു കമ്പിളിവസ്ത്രങ്ങൾ ആവശ്യമായിരിക്കുന്നില്ല . എന്നാൽ അതേ കാലത്തു സൈബീരിയയിൽ ഇതൊരാവശ്യവുമാണ് . കാലഭേദവും ചിന്തനീയം തന്നെ . പുരാതനകാലത്ത് ഒരു സാധാരണ മനുഷ്യനു ണ്ടായിരുന്ന ഏറ്റവും മിതമായ ആവശ്യമല്ല , ഇക്കാലത്തുള്ള ഒരു സാധാരണ മനുഷ്യന്റെ ഏറ്റവും ചുരുങ്ങിയ ആവശ്യം . ഇതിനു അപേക്ഷിച്ച് ഇന്നു സുഖ ഭോ ഗ വസ്തുക്കൾ കൂടുതൽ എളുപ്പത്തിൽ ലഭിക്കുന്നു ; ഭാവിയിൽ കുറേ കൂടി സുകരമായി ലഭിക്കും ; എന്നുള്ളതുതന്നെ . അതുകൊണ്ട് അപരിഗ്രഹം

പരിശീലിക്കുമ്പോൾ കാലത്തിന്റെ കാര്യം അവഗണിച്ചാൽ ആധുനികലോകത്തിൽ നിന്നയാൾ പിന്നോട്ടു പോകു കയും , സാമുദായിക ജീവിതത്തിന് അയോഗ്യനായിത്തീരുകയും ചെയ്യും . പഞ്ചസാരയുള്ള കാലത്ത് ശർക്കരയുടെ ഉപയോഗത്തെ പ്പറ്റി ന്യായവാദം ചെയ്യുക , റയിൽവേയുടെ യുഗത്തിൽ കാളവണ്ടി യുടെ പക്ഷം സമർത്ഥിക്കുക എന്നിവയ്ക്ക് അപരിഗ്രഹനിഷ്ഠ നേടാനുള്ള പരിശ്രമത്തിൽ ഒരർത്ഥവുമില്ല . മറ്റു ചിലരെപ്പോലെ സമയത്തിനു കൂടുതൽ പ്രാധാന്യമില്ലാത്ത ഒരു സാധാരണ മനു ഷ്യൻ ഇന്നു വിമാനത്തിൽ യാത്രചെയ്യുന്നതു തികച്ചും അപരിഗ്ര ഹത്തിനു വിരുദ്ധമാണ് . എന്നാൽ അയാൾ തീവണ്ടിയാത്രചെയ്യുന്നതു തീർച്ചയായും ഇതിനെതിരല്ലതാനും .

അതാണു ഞാൻ പറഞ്ഞത് , ചില പ്രത്യേക മേഖലകളിൽ ഒരു നിലവാരം നിശ്ചയിച്ചു ചില പ്രത്യേക വ്യക്തികളെ അപരി ഗ്രഹത്തിലുറച്ചു നിൽക്കത്തക്കവിധം സഹായിക്കാൻ സമുദായ ത്തിനു കഴിഞ്ഞ ക്കുമെന്ന് . പക്ഷെ , അതിൻറെ പൂർണ്ണ മായ പ്രതിഷ്ഠ ആ വ്യക്തിയുടെ സ്വന്തം പരിശ്രമത്തെ ആശ്രയിച്ചിരിക്കുന്നു .

**30*** തനിക്കും തന്റെ കുടുംബത്തിനും ശാരീരികവും മാനസി കവും ആദ്ധ്യാത്മികവുമായ ഒരു സുരക്ഷിതത്വം പാലിക്കാൻ കഴിഞ്ഞു എന്നുറപ്പുവന്നതിനുശേഷം , സാധാരണ മനുഷ്യരോടുള്ള അനുകമ്പമൂലം ഒരാളുടെ

സ്വന്തം സുഖസൌകര്യങ്ങൾ കുറയ്ക്ക വാനുള്ള അവിരാമമായ സമരമാണ് അപരിഗ്രഹം .

അപരിഗ്രഹം പരിശീലിക്കുമ്പോൾ ദേശകാലപാത്രഭേദ ങ്ങളനുസരിച്ചു സുഖസാധനങ്ങളും കൂടിയോ കുറഞ്ഞോ വരും . എന്നാലും മേൽ പ്രസ്താവിച്ചവിധത്തിലുള്ള അപരിഗ്രഹത്തിൻറ നിർവ്വചനം എല്ലാവർക്കും എതു ദേശങ്ങളിലും എതു കാലത്തും പ്രായോഗികമാണ് .

ഉള്ളടക്കം

# 8 സമുദായത്തിൽ എങ്ങനെ ജീവിക്കണം?

ഒരു മാതൃകാസമുദായത്തിന്റെ പ്രതിഷ്ഠ അംഗങ്ങളുടെ പരസ്പരസഹായത്തേയും അവരുടെ സഹകരിച്ചുള്ള പെരുമാറ്റ ത്തെ യും ആശ്രയിച്ചിരിക്കുന്നു . ഈ സഹകരിച്ചുള്ള പെരുമാറ്റം യമനി യമ തത്വ ങ്ങ ളെ ആശ്രയിച്ചാണിരിക്കുന്നത് . അതിനാൽ ആദ്ധ്യാത്മികാനുശീ ലനങ്ങൾ , വിശേഷിച്ചും യമനിയമങ്ങളുടെ പരിശീലനമാണ് ഒരാദർശസമുദായത്തിന്റെ അസ്തിവാരം .

ഒരു വ്യക്തി ഋണബദ്ധനാകുന്നതു യമനിയമതത്വങ്ങ ൾക്കു വിരുദ്ധമായ പെരുമാറ്റം - പ്രത്യേകിച്ചും ദുർവ്യയം - കൊണ്ടാണെന്നു പലപ്പോഴും കാണാറുണ്ട് . ഇതിന്റെ ഫലമായി അയാൾ സമുദായ ത്തെ സമീപിക്കയും സഹായം അർത്ഥിക്കയും ചെയ്യുന്നു . ഇങ്ങനെ യുള്ള

ഒരവസരത്തിൽ ഞാൻ നിർദ്ദേശിക്കും , സഹകരിച്ചുള്ള പ്രവർത്തനങ്ങൾകൊണ്ട് ആ വ്യക്തിക്ക് ആശ്വാസം നൽകേണ്ട കടമ സമുദായത്തിനുള്ള തുപോലെ തന്നെ , അയാളുടെ സ്വഭാവത്തെ സംബന്ധിച്ചും , അതാൾ യമനിയമതത്വങ്ങൾ പരിശീലിക്കുന്ന കാര്യ 31* ത്തിലും അയാളുടെ ചെലവിനങ്ങളിലും സമുദായത്തിന്റെ നിയന്ത്രണം ഉണ്ടായിരിക്കണമെന്ന് . പണം ചെലവഴിക്കുമ്പോൾ ആരോടും ആലോചിക്കാതിരിക്കുക ; എന്നാൽ കടം വന്നുകയറു മ്പോൾ എല്ലാവരോടും സഹായം അഭ്യർത്ഥിക്കുക , ഇത് ഒരു നല്ല സമ്പ്രദായമല്ല . ഈ വിധമുള്ള ഒരു മനോഭാവത്തെ പ്രോത്സാ ഹിപ്പിക്കാനേ പാടില്ല .

Tweed ( പരുത്ത കമ്പിളി ) കൊണ്ടാവശ്യം നടക്കുമെ ന്നുള്ളപ്പോൾ കടം വാങ്ങി Serge ഓ , Serge മതിയെന്നുള്ളപ്പോൾ Gaberdine ഓ വാങ്ങുന്നത് അപരിഗ്രഹനിയമത്തിനു തികച്ചും വിരുദ്ധമാണ് . അതുപോലെ തന്നെ വിഭവസമൃദ്ധമായ ആഹാര മല്ല , പോഷകാഹാരമാണ് ഒരു വ്യക്തി കഴിക്കേണ്ടത് . കടംവാങ്ങിയ പണംകൊണ്ട് അന്യർക്ക് ഭക്ഷണം നൽകുന്ന പതിവും നിറു ത്തണം . ഇതിനാലാണ് ഒരു വ്യക്തിയുടെ സ്വഭാവത്തിലും ചെല വിനങ്ങളിലും സമുദായത്തിൻറെ നിയന്ത്രണം ഒഴിച്ചു കൂടാൻ വയ്യാത്ത ഒരാവശ്യമായിരിക്കുന്നത് . മറ്റേതെങ്കിലും ആനന്ദമാർഗ്ഗി യമനിയമതത്വങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നതു കണ്ടാൽ ഓരോ ആനന്ദമാർഗ്ഗിയും മധുരവചനങ്ങൾ

കൊണ്ടോ പരുഷവച് നങ്ങൾകൊണ്ടോ കൂടുതൽ കർശനമായ നടപടികളാലോ അയാ ളുടെ ഈ സ്വഭാവം മാറ്റാനിടയാക്കുകയും സമുദായത്തെ ബലവ ത്താക്കുകയും ചെയ്യണം .

ഇനിമുതൽ മറ്റേതാനന്ദമാർഗ്ഗിയെയും യമനിയമ തത്വങ്ങൾ അനുഷ്ഠിപ്പിക്കുന്നതിൽ ഓരോ ആനന്ദമാർഗ്ഗിയും സവിശേഷമായ ശ്രദ്ധ പതിപ്പിക്കണമെന്നും , ഇക്കാര്യത്തിൽ മറ്റു മാർഗ്ഗി കൾ നൽകുന്ന നിർദ്ദേശങ്ങൾ ക്ഷോഭിക്കാതെ കൈക്കൊള്ളുകകൂടി വേണമെന്നും ഞാനുപദേശിക്കുന്നു .

അപരിഗ്രഹത്തെ സംബന്ധിച്ചു ഞാൻ ഒരു ഉപദേശം കൂടി നൽകുന്നു . ഏതെങ്കിലും മാർഗ്ഗി നിശ്ചിത ചെലവിൽ കൂടുതലായി 32* ചെലവിടാനുദ്ദേശിക്കുന്നുവെങ്കിൽ , അങ്ങനെ ചെലവുചെയ്യുംമുമ്പ് അയാൾ തന്റെ ആചാര്യനിൽനിന്നോ , യുണിറ്റു സെക്രട്ടറിയിൽ നിന്നോ , ഡിസ്ട്രിക്ട് സെക്രട്ടറിയിൽ നിന്നോ , അല്ലെങ്കിൽ അതു പോലെ ഉത്തരവാദിത്വമുള്ള മറ്റേതെങ്കിലും വ്യക്തിയിൽ നിന്നോ വ്യക്തമായ അനുമതി വാങ്ങണം . ( അധികച്ചെലവിനങ്ങൾക്കുദാ ഹരണങ്ങൾ : - വിലയേറിയ വസ്ത്രങ്ങൾ , ആഭരണങ്ങൾ , ഗൃഹോപ കര ണ ങ്ങൾ , വിവാഹം , കെട്ടിടം പണി ) ഇതുപോലെ തന്നെ ഏതെങ്കിലും ബിസിനസ്സുകാരനോടോ , ഹുണ്ടികക്കാര നോടോ , കടം വാങ്ങുന്നതിനുമുമ്പ് അതിന് അനുവാദം വാങ്ങണം . തന്റെ സ്വന്തം ആചാര്യനേയോ

ഉത്തരവാദിത്വ മുള്ള മറ്റാളുകളേയോ എളുപ്പത്തിൽ കണ്ടുകിട്ടാൻ സാധിക്കാത്തപ്പോൾ , മറ്റേതെങ്കിലും ആചാര്യനുമായോ താത്വികനുമായോ അല്ലെങ്കിൽ മാർഗ്ഗത്തിലെ വിവേകിക ളായ മറ്റേതെങ്കിലും അംഗങ്ങളുമായോ ആലോചിച്ച് അനുമതി വാങ്ങേണ്ടതാണ് . ഓരോ അംഗവും ഈ നിർദ്ദേശം കണി ശമായി പാലിക്കതന്നെവേണം . ഉള്ളടക്കം

# 9 നിയമ സാധന

അഷ്ടാംഗ യോഗത്തിലെ പ്രാഥമിക തത്വ മാ ണു യമ സാധന . ഇതിനെക്കുറിച്ചു വിവരിച്ചുകഴിഞ്ഞു . ഇന്നത്തെ സംഭാ ഷണം നിയമസാധനയെപ്പറ്റിയായിരിക്കും . ബ്രഹ്മചര്യപരിശീല നമാണു യമത്തിലെ മറ്റു നാലു ഘടകങ്ങളിലും ശ്രേഷ്ഠം . അതു പോലെ നിയമത്തിൽ ഏറ്റവും പ്രധാനം ഈശ്വരപ്രണിധാനമാണ് . കൂടുതൽ വ്യക്തവും ദൃഢവുമാക്കാൻ നമുക്കു പറയാം , യമനിയമ ങ്ങളുടെ പത്തു ഘടകങ്ങളിൽ ബാക്കി എട്ടും ബ്രഹ്മചര്യത്തിനും ഈശ്വരപ്രണിധാ ന ത്തി നും താഴെ യുള്ള ഭാഗ ങ്ങ ളാ ണെന്ന് . അവയുടെ സവിശേഷതകൾ പരിശോധിക്കുമ്പോൾ , ശാരീരിക മാനസികതലങ്ങളിലെ പരിശീലനമാണു യമസാധനയെന്നും 33* ഭൌതിക

മാനസികാദ്ധ്യാത്മികതലങ്ങളിൽ ഒരുപോലെ ശ്രേഷ്ഠം മാണു നിയമസാധനയെന്നും നമുക്കു പറയാം . ഉള്ളടക്കം

# 10 ശൌചം

നിയമ സാധനയുടെ പ്രാഥമികാംഗമാണു ശൗചം . വിശുദ്ധി , നെർ മ്മല്യം എന്നാണിതിനർത്ഥം . ഇതിനെ രണ്ടു ഭാഗങ്ങളായി തിരിക്കാം . ഒന്നു ബാഹ്യതലത്തെ സംബന്ധിച്ചത് അതായതു ബാഹ്യശുചി ത്വം . മറ്റേതു മാനസിക ത ല ത്ത സംബന്ധിച്ചത് . അതായത് ആന്തര ശുചിത്വം. ഉള്ളടക്കം

"ശൌചം തു ദ്വിവിധം പ്രോക്തം
ബാഹ്യമാഭ്യന്തരം തഥാ
മജ്ജലാഭ്യാം സ്മതം ബാഹ്യം
മന: ശുദ്ധിസ്ഥാന്തരം."

മണ്ണ് , ജലം , സോപ്പ് അഥവാ മറ്റേതെങ്കിലും ശുചീകരണ വസ്തുക്കളും യഥോചിതം ഉപയോഗിച്ചു

ശരീരവും വസ്ത്രങ്ങളും പരിസരവും അഴുക്കില്ലാതെ സൂക്ഷിക്കുന്നതാണു ബാഹ്യമായ ശുചിത്വം . ഈ ശുചിത്വംകൊണ്ടു മനുഷ്യർക്കു നേരിട്ടു സമ്പർക്കമുണ്ടാകുന്ന സ്ഥലവസ്തുക്കളെ ശുചിയാക്കുകയും ഉപയോഗയോ ഗ്യമാക്കിത്തീർക്കുകയും ചെയ്യുന്നു.

മനുഷ്യൻ ജവാസനയാൽ പ്രേരിതനായി , മനസ്സാക്ഷിയുടെ യാതൊരു സഹായവും കൂടാതെ തന്റെ മനസ്സിനെ സുഖ ഭോഗവസ്തുക്കളിലേക്ക് അന്ധമായി നയിക്കുമ്പോൾ , അഥവാ സ്വാർത്ഥപരമായ പ്രവർത്തനങ്ങളിൽ നിരന്തരം വ്യാപരിച്ച് മനസ്സ് ഏറ്റവും സ്ഥലമായിത്തീരുമ്പോൾ അയാൾ മറ്റുള്ളവരെ ഉപദ്രവിക്ക ണമെന്നു ചിന്തിച്ചാലുമില്ലെങ്കിലും , ആ മനസ്സു വികൃതമായിത്തീ
34* രുന്നു . ഈ വൈകൃതങ്ങളുണ്ടാകാൻ കാരണമായ സങ്കീർണ്ണതക ളാണു മനസ്സിന്റെ മാലിന്യങ്ങൾ ഉദാഹരണമായി പരിചിതനായ ഒരു വ്യക്തി പെട്ടെന്നു പേരും പെരുമയും നേടുന്നു . അഥവാ വലി യൊരു സ്വത്തിനധിപതിയാകുന്നു . അഥവാ വളരെയധികം അറിവു സമ്പാദിക്കുന്നു എന്നിരിക്കട്ടെ . പലർക്കും അയാളോട് ഒരസൂയയു ണ്ടാകും . മറ്റുള്ളവരുടെ അത്യുദയത്തിൽ പലരും മന : ക്ലേശമനുഭവി ക്കുന്നു . ഈവകകൾ സമ്പാദിക്കുവാനോ , ഈ ഗുണങ്ങൾ നേടുവാനോ തനിക്കെ തന്റെ കഴിവുണ്ടെന്ന് അവർ അശേഷം ചിന്തി ക്കുന്നില്ല . ആ ഭാഗ്യവാനായ മനുഷ്യൻ തങ്ങൾക്ക് ഒരു ദോഷവും ചെയ്തിട്ടില്ലെങ്കിലും , അസൂയയ്ക്കു വശംവദനായി അയാളെ അപ കടത്തിൽ വീഴിക്കാൻ

ശ്രമിക്കയോ അയാളെ പറ്റി ചീത്തയായി ചിന്തിക്കുകയോ ചെയ്യുന്നു.

സ്വാർത്ഥപരമായ താല്പര്യത്തിനു തടസ്സം വരുമ്പോ ഴത്തെ കഥപറയാനുമില്ല . ആവിധപരിതസ്ഥിതിയിൽ എത്ര സത്യസന്ധ രെന്നു പറയപ്പെടുന്ന മനുഷ്യരുടെയും മനസ്സ് അല്പ്പസമയത്തി നുള്ളിൽ വികൃതമായിത്തീരുന്നു . പൊടി പറപ്പിച്ചുവരുന്ന കൊടു ങ്കാറ്റു ( dust storm ) കൊണ്ട് ഒരാളുടെ വസ്ത്രങ്ങളും ഭവനങ്ങളും അല്പസമയത്തി നുള്ളിൽ മലിനമായിത്തീരു ന്നതുപോലെ മനസ്സും നിരർത്ഥമായ ദുർവ്വികാരമാകുന്ന കൊടുങ്കാറ്റടിച്ച് അതിലും വേഗ ത്തിൽ വളരെയധികം മലീമസമാകുന്നു . അതിനാൽ ശരീരവും വസവും വീടും വൃത്തിയാക്കി വയ്ക്കേണ്ടത് ഒരാവശ്യംതന്നെ . മനസ്സു ശുചിയായി സൂക്ഷിക്കേണ്ടത് അതിലും വലിയ ഒരാവശ്യ മാണ് . മനസ്സിന്റെ ശുദ്ധീകരണം , അഥവാ മനസ്സിന്റെ ശുചിയായ സംരക്ഷണം , ശരീരം വസ്ത്രം , ഭവനം എന്നിത്യാദികൾ വൃത്തി യാക്കുന്നതിനേക്കാൾ കൂടുതൽ ശ്രമസാദ്ധ്യമായ പണിയാണ് . അതു കൊണ്ട് ബുദ്ധിയുള്ളവൻ ഒരു നിമിഷത്തേക്കുപോലും തന്റെ മന : ശുദ്ധി കളങ്കിതമാകാൻ അനുവദിക്കയില്ല . ദുർവ്വികാരമാകുന്ന കൊടുങ്കാറ്റിനെതിരെ ഒരുവൻ കരുതലോടുകൂടി യിരിക്കണം . 35* ആവിധമുള്ള കൊടുങ്കാറ്റുകൾ ക്കു നിങ്ങൾ വശ പ്പെടരുത് . ബാഹ്യവും ആന്തരവുമായ ശുചിത്വം തമ്മിൽ ഒരു വ്യത്യാസം കുടി യുണ്ട് . ബാഹ്യമായ അഴുക്കുകൾ നീക്കാൻ ഒരാൾക്കു കുറച്ചുനേ

രത്തേക്ക് അത്തരം അഴുക്കുകളുമായി സമ്പർക്കം വേണ്ടിവരുന്നു . ശരീരമോ വസ്ത്രമോ ഭവനമോ ശുചിയാക്കുമ്പോൾ കുറെ സമയ ത്തേക്കു കൂടുതൽ മലിനങ്ങളായ വസ്തുക്കളുമായി സമ്പർക്കം വേണ്ടിവരുന്നുണ്ട് . എന്നാൽ മാനസികതലത്തിലെ ശുചീകരണ ക്രിയ യിൽ യാതൊരു മലിനവസ്തുക്കളോടും ഇടപെടേണ്ടി ആവശ്യം നിങ്ങൾക്കുണ്ടാകുന്നില്ല . ബാഹ്യമോ ആന്തരമോ ആയ അഴുക്കുകളയുവാൻ ശക്തി പ്രയോഗിക്കേണ്ട ആവശ്യം നേരിടും . ശക്തി പ്രയോഗിച്ച് അഴുക്കുകളെല്ലാം കളഞ്ഞുവേണം ഒരു മൂലവ സ്തുവിന്റെ രൂപം മനസ്സിലാക്കാൻ .

സ്വർണ്ണത്തിന്റെ ശരിയായ തുക്കം ലഭിക്കുന്നത് അതിൽ നിന്നും അഴുക്കു നീക്കിക്കളയുമ്പോൾ മാത്രമാണ് . ശക്തിയുടെ പ്രയോഗം ഒരു പ്രത്യേകതരം ക്രിയയായിരിക്കണം . അതിനാൽ ബാഹ്യമായ പ്രവർത്തനമാണു ബാഹ്യശൌചമെന്നും ആന്തരമായ ചേഷ്ടയാണു മാനസികശൌചമെന്നും ഇതുകൊണ്ടു വ്യക്തമാ കുന്നു . സ്വാർത്ഥതയാകുന്ന അഴുക്ക് മാനസികശരീരത്തിലെ ഓരോ വിടവിലും കടന്ന് അതിനെ നിഷ്പ്രഭമാക്കുന്നു വെങ്കിൽ , ജീവിതം തന്നെ ഒരു വലിയ ഭാരമാക്കിത്തീ ർക്കുന്നുവെങ്കിൽ , അതിനെ നശിപ്പിക്കതന്നെ വേണം . സാധനയാകുന്ന അഗ്നിയിൽ അതിനെ ചുട്ടെരിക്കണം ; ഉരുക്കിക്കളയണം . അങ്ങനെയുള്ള ഒരു സാധന , നീചവും സ്വാർത്ഥ പ ര വുമായ സാധനയ്ക്കു നേരേ എതി രാ യിരിക്കും .

അതായതു മനസ്സിൽ യാതൊരഴുക്കും , ഒരു കറുത്ത വടുവുപോലും അവശേഷിക്കാത്ത വിധത്തിലുള്ളതായിരിക്കണം സാധന . മന സ്സി ൻറ മാലിന്യം ശുദ്ധീ ക രി ക്കാനുള്ള ഒറ മൂലിക നിസ്വാർ ത്ഥ ഭാവം- വിശ്വകതാ ഭാവം - മാത്രമാണ് . ഒരു വസ്തുവിൽ മോഹമോ അതിലേക്കാകർഷണമോ ഉള്ള 36* ഒരാൾക്കു സ്വാർത്ഥ പരണയിൽ നിന്നുണ്ടാകുന്ന മാനസിക മാലിന്യം , അതിനുനേരെ വിപരീതമായ മാർഗ്ഗം സ്വീകരിക്കുന്നതു കൊണ്ട് ക്രമേണ ദൂരീകരിക്കാം . പണത്തിനത്യാഗ്രഹ മുള്ളവർ ദാനശീലം അഭ്യസിക്കണം . ആ പരിശീലനത്തി ലൂടെ അവർക്കു ജനസേവനവും സാദ്ധ്യമാണ് . വലിയ കോപിഷ്ഠരും അഹങ്കാരി കളും തങ്ങളിൽ വിനയഭാവം വളർത്തുകതന്നെ വേണം . ഈ പരിശീലനം വഴിയായി അവരും ജനസേവ ചെയ്യണം . അതിനാൽ നിസ്വാർത്ഥമായ സേവനവും , ഈ ലോകത്തെ ബ്രഹ്മൈകഭാവ നയോടുകൂടി വീക്ഷിക്കാനുള്ള പരിശ്രമമവും മാത്രമേ മാനസിക ശൌചത്തിൽ പ്രതിഷ്ഠിതനാകാൻ ഒരാളെ സഹായിക്കൂ .

മറ്റുള്ളവരിൽ നിന്നും സാധനങ്ങൾ കൈക്കലാക്കാനുള്ള മനുഷ്യന്റെ ആശയ്ക്ക് അതിരില്ല . അവന്റെ ആഗ്രഹങ്ങൾ ഒരിക്കലും ശമിക്കാത്തതാണ് . എന്നാൽ മറ്റുള്ളവർ ക്കു കൊടുക്കാനുള്ള താല്പര്യമോ വളരെ തുച്ഛവും . സാധാരണയായി മനുഷ്യൻ അന്യർക്ക് എന്തെങ്കിലും നൽകുമ്പോൾ ദാനമോ , സേവനമോ ചെയ്യണമെന്നുള്ളതല്ല പ്രധാനോദ്ദേശം , പകരം

എന്തെങ്കിലും കിട്ടണമെന്നുള്ള താ ണു മുഖ്യല ക്ഷ്യം . മറ്റൊരുതരത്തിൽ പറഞ്ഞാൽ , അയാൾ ഒരു കൈകൊണ്ടു കീർത്തി നേടാൻ അങ്ങേ യറ്റം ആശിക്കയും മറ്റേ കൈകൊണ്ടു ദാനം ചെയ്കയും ചെയ്യുന്നു . അതിമോഹത്തിന്റെ കത്തിയെരിയുന്ന ജ്വാലകളിൽനിന്നു രക്ഷ നേടാൻ സാധകൻ ഒരു വിപ രീത മാർഗ്ഗം കൈക്കൊള്ളണം . അതായത് അന്യരിൽ നിന്നും യാതൊന്നും തിരികെ കിട്ടണമെന്നു പ്രതീക്ഷിക്കാതെ അന്യർക്കു കൊടുക്കുവാനുള്ള അതിരറ്റ ആഗ്രഹം അയാൾ വളർത്തണം , നമുക്കു വ്യക്തിപരമായ അഹന്തയെ തകർ ത്തുടച്ച് അനന്തതയുടെ ലോകത്തിൽ സ്വയം പ്രതിഷ്ഠ നേടണം . ആപൽ ഘട്ടങ്ങളിൽ ദു : ഖവും കോപവും കൊണ്ടു ക്ഷോഭിച്ചു പലരും പറയുന്നതു നിങ്ങൾ കേട്ടിരിക്കും , “ ഞാൻ അവരുടെ ആപൽക്കാലത്ത് അവരെ ഒട്ടേറെ സഹായിച്ചു . രോഗശയ്യയിൽ 37*അവരെ വളരെയധികം ശുശ്രൂഷിച്ചു . പക്ഷെ , ഇന്ന് അവർ എന്നെ ഒന്നു തിരിഞ്ഞു നോക്കുന്നുപോലുമില്ല . അത്രയ്ക്കു നന്ദി കെട്ടകൂട്ടരാണവർ." എന്ന് , അയാൾ ചിലപ്പോൾ ശപിക്കുന്ന ഭാഷ യിൽ, “ഈശ്വരൻ എല്ലാം കണ്ടുകൊണ്ടാണിരി ക്കുന്നത്. അവ രുടെ കർമ്മഫലം അവർ അനുഭവിക്ക തന്നെ ചെയ്യും," എന്നി ങ്ങനെ പറഞ്ഞെന്നും വരാം, മനുഷ്യൻ സാധാരണ പ്രകടിപ്പി ക്കുന്ന ഈവിധമുള്ള അഭിപ്രായങ്ങൾ മാനസികമായ നീചഭാവ ത്തിന്റെ പരമമായ അസഭ്യപ്രകടനങ്ങളാണ് . ഇത്തരക്കാർ മാന സികശുദ്ധിക്കായി സാധനചെയ്തിട്ടില്ല.

ആരെയും ആപത്തിൽ സഹായിക്കയോ രോഗശയ്യത്തിൽ ശുശ്രൂഷി ക്കയോ ചെയ്തിട്ടില്ല . യഥാർത്ഥത്തിൽ , ഒരു വ്യക്തിയുടെ വിഷമഘട്ടം ഒരു തരമെന്നു കണ്ടു കുറച്ചു സഹായം മുൻകുറു ചെയ്തുവെന്നേയുള്ളൂ . ആ വിധ സഹായത്തിനു പിന്നിലുള്ള ഉദ്ദേശം , മുഴുവൻ പലിശയോടുകൂടി അതു തിരിച്ചുകിട്ട ണമെന്നുള്ളതാണ്.

ഈ ശൗചസാധനയ്ക്കായി ഒരു വ്യക്തി എത്രമാത്രം സംഭാവനചെയ്യണം , എന്നൊരു ചോദ്യം ഉയരാം . അയാൾ സ്വയം പാപ്പരാ ക ണമൊ ? സേവ നം പരമ ല ക്ഷ്യമാ യി രിക്കുമ്പോൾ മനുഷ്യൻ സമ്പൂർ ണ്ണ മായി അ പ രി ഗ്രഹം അനുഷ്ഠിക്കണം. തന്റെ യും തന്നെ നേരിട്ടാശ്രയിക്കുന്ന വരുടെയും ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യം കഴിച്ചു ബാക്കിയുള്ളതെല്ലാം പൊതുവായ ക്ഷേമത്തിനായി ഉപയോഗിക്കണമെന്നു ഞാൻ പറയും.

എന്നാൽ ആദർ ശ ത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ഒരാൾ തന്റെ സർവ്വസ്വവും , ജീവൻ പോലും പൊതുതാല്പര്യങ്ങൾ ക്കുവേണ്ടി സസന്തോഷം , സോത്സാഹം നൽകുവാൻ സന്നദ്ധ നായിരിക്കണം . ആഹാരം സമൃദ്ധിയായിട്ടില്ലാത്ത ഒരു ഗൃഹത്തി ലാണെങ്കിൽപോലും വീട്ടിലുള്ളവരുടെ വിശപ്പു മാറ്റാൻ കുറച്ചു 38*കരുതിവച്ചിട്ടു ബാക്കിയുള്ളത് ആവശ്യക്കാ ർക്കു സമർപ്പിക്കണം . തന്നെ ആശ്രയിച്ചു കൂടെ താമസിക്കുന്നവരുടെ ആവശ്യങ്ങൾ നോക്കുന്നതു സങ്കുചിതത്വമോ നീചത്വമോ അല്ല . എന്തെന്നാൽ , അതല്ല

പരമലക്ഷ്യമെങ്കിലും ജീവസംരക്ഷണം തീർച്ചയായും ഒരു മഹൽക്കാര്യമാണ് . എവിടെയും എങ്ങനെയും മത്സരം തികച്ചും ആദർശത്തിനുവേണ്ടിയായിരിക്കുമ്പോൾ പരാജയം വരിക്കുകയെ ന്നത് എന്നേക്കും ഘോരാന്ധകാരത്തിൽ മുഴുകുകയാണ് .

ഈ കൂരിരുട്ടു നീക്കാൻ യാതൊരു സാദ്ധ്യതയുമില്ലെന്നു വന്നാൽ , ആദർശത്തിന്റെ വിജയത്തിനുവേണ്ടി തന്റെ സർവ്വ സ്വവും സമർപ്പിക്കണം . അങ്ങനെയുള്ള ആവശ്യങ്ങളെ നേരിടുവാൻ ആയുധാരിയായ ഒരു ഭടനെ പ്പോലെ നിങ്ങൾ സന്നദ്ധനായിരി ക്കണം. ഉള്ളടക്കം

## 11 സന്തോഷം

തോഷമെന്നാൽ മനസ്സി ൻറ സ്വസ്ഥത എന്നർ ത്ഥം . അതിനാൽ സന്തോഷം എന്ന തി നു സമ്യക്കാകും വിധ മുള്ള സ്വസ്ഥത എന്നർത്ഥമാകുന്നു . മനുഷ്യൻ ഒരു മൃഗത്തെപ്പോലെ വിഷയസുഖങ്ങളുടെ പുറകെ പാഞ്ഞു നടന്നാൽ ഒരുവിധത്തിലും സംതൃപ്തിയുണ്ടാകാൻ സാദ്ധ്യമല്ല . ബാഹ്യമായ അപഗ്രഥനത്തി ൻറ ഫലമായി ഭോഗപദാർത്ഥങ്ങൾ എണ്ണത്തിലും ഭാവത്തിലും പെരുകിവരുന്നു. അതാണു മാനസിക പ്രാവഹത്തി നൊരിക്കലും ശാന്തി ലഭിക്കാത്തത്. ഇങ്ങനെയൊരു പരിതസ്ഥിതിയിൽ പരിപൂർ ണ്ണമായ മനശ്ശാന്തി

അയാൾക്കെങ്ങനെയാണു ലഭിക്കുക ? ആഗ്രഹി ക്കുന്ന വസ്തുക്കളുടെ ലബ്ധി ഒരു നാഴികനേരത്തേക്കോ മറ്റോ അയാൾക്കു സന്തോഷം നൽകിയേക്കാം, പക്ഷെ, ആ സന്തോഷം നീണ്ടുനിൽക്കുകയില്ല. സ്വാദറിഞ്ഞ വസ്തുക്കളെ ഉപ ക്ഷിച്ചു മനസ്സു വീണ്ടും പുതിയ വസ്തുക്കളുടെ പുറകെ പായും , വളരെ 39* നാൾ ആശിച്ച വസ്തുക്കൾക്ക് അവയുടെ പ്രാധാന്യം നഷ്ടപ്പെട്ടു പോകും , ഇതാണു നിയമം . പ്രകൃതിയുടെ നിയമമാണിത്.

മനുഷ്യന്റെ ആശയ്ക്കതിരില്ല . ഒരു ലക്ഷപ്രഭു ഒരു കോടീ ശ #du റാകാൻ ആശിക്കുന്നു . എന്തെന്നാൽ തന്റെ ഒരുലക്ഷം കൊണ്ടയാൾ സംതൃപ്തനല്ല . ലക്ഷപ്രഭുവായ ഒരാളോടു ചോദിച്ചു നോക്കു , ആ പണം കൊണ്ടയാൾ സന്തുഷ്ട നാണോ എന്ന് , “ എവിടെയാണു പണം ? ഞാൻ ഒരുതരത്തിൽ കഴിച്ചുകൂട്ടുന്നു എന്നേയുള്ളൂ ." എന്നയാൾ പറയും . ഈ ഉത്തരം അപരിഗ്രഹത്തി ലുള്ള അയാളുടെ അജ്ഞതയെയാണു കാണിക്കുന്നത് . ഇത്തരം വികാരങ്ങൾ മനസ്സിലും ശരീരത്തിലും മറ്റൊരു വിപരീതഫലം ഉണ്ടാക്കുന്നു. ശാരീരികമോ മാനസികമോ ആയ സുഖങ്ങൾക്കുവേ ണ്ടിയുള്ള അതിമോഹത്താൽ പണം സമ്പാദിക്കാനും പണം ശേഖ രിക്കാനും മനുഷ്യന് ഒരു ഭ്രമമുണ്ട്. പണം ജീവിതത്തിന്റെ സർവ്വ വുമായിത്തീരു മ്പോൾ മനസ്സു സ്ഥലമായിത്തീരുന്നു. പണത്തിനു പുറകെ നിരന്തരം അലഞ്ഞു നടക്കുന്നതുകൊണ്ട് ആരോഗ്യം അവ ഗണിക്കാനിടയാകുന്നു. ഇതു ശരീരത്തെ അയോഗ്യമാക്കി ത്തീർ ക്കുന്നു . അതിനാൽ , മനസ്സിനും ശരീരത്തിനും

ഞെരുക്കംകൂടാതെ സാധാരണ പ്രയത്നംകൊണ്ടുണ്ടാകുന്ന പണംകൊണ്ടു തൃപ്തിപ്പെ ടുന്നതിലാണു സന്തോഷസാധന സ്ഥിതിചെയ്യുന്നത് . സംതൃപ്ത നായിരിക്കാൻ മനുഷ്യൻ ഒരു പ്രത്യേകതരം മാനസിക പരിശീലന ത്തിൽ - പ്രലോഭനങ്ങളിൽനിന്നും അകന്നുനിൽക്കുവാൻ സഹായി ക്കുന്ന ഒരുതരം പരിശ്രമത്തിൽ വ്യാപൃതനാകേണ്ടതുണ്ട് .

പ്രാലോഭനങ്ങളിൽനിന്നും മനസ്സിനെ അകറ്റിനിർത്തു വാൻ ഫലപ്രദങ്ങളായ രണ്ടു മാർഗ്ഗങ്ങൾ ഉണ്ടെന്നു നിങ്ങൾക്കറിയാ മല്ലോ . ഒന്ന് ആത്മോൽബോധനവും മറ്റേതു ബാഹ്യാൽ ബോധ നവും , ഒരാൾ അയാളുടെ മനസ്സു വ്യാപരിക്കുന്ന ദുഷ്പ്രവണ തകൾക്കെതിരായ ചിന്തകളിൽ സദാ മുഴുകിക്കൊണ്ടിരുന്നാൽ, 40* അയാളുടെ സ്വഭാവത്തിന് ഒരു പരിവർത്തനം വരാതെ തരമില്ല . ഇതാണ് ആത്മാൽബോധനം . ഇങ്ങനെയുള്ള ആശയങ്ങൾ മറ്റാ രെങ്കിലും ആവർത്തിച്ചാവർത്തിച്ച് അയാളുടെ ചെവിയിലെത്തിച്ചു കൊണ്ടിരുന്നാലും പ്രകൃതത്തിന് ഒരു മാറ്റം വരും. ഇതിനു ബാഹോൽബോധനം എന്നു പറയുന്നു . സന്തോഷസാധനയിൽ സാധകൻ എപ്പോഴും സ്വീകരിക്കേ ണ്ടത് ആത്മാൽബോധനമാണ് .

ആരെങ്കിലും നിങ്ങളെ ചൂഷണം ചെയ്കയോ, നിങ്ങളു ടെ ശുദ്ധതയെ മുതലെടുത്തു നിങ്ങളെ ഉപദ്രവിക്കയോ ചെയ്കയും, നിങ്ങൾ മൌനമായി അതു സഹിക്കയും ചെയ്യണമെന്നു സന്തോഷ സാധന വ്യഞ്ജിപ്പിക്കുന്നില്ല.

നിങ്ങളുടെ ജീവരക്ഷയ്ക്കുള്ള അവകാശമോ ന്യായമായി നിങ്ങൾക്കു ലഭിക്കാനുള്ള വകകളോ ഉപേക്ഷിക്കുന്നത് ഒരുതരത്തിലും യുക്തമല്ല. നിങ്ങൾ യോജിച്ചു ചേർന്നു പോരാടുകതന്നെ വേണം. പക്ഷെ, അതിമോഹത്തിൻറ പിടിയിൽപെട്ട് ഒരിക്കലും സന്തോഷസാധനയുടെ തത്വത്തി നെതി രായി പോകുകയോ, അങ്ങനെ ശാരീരികവും മാനസികവുമായ ശക്തി പാഴാക്കിക്കളയുകയോ ചെയ്യരുത് . ഉള്ളടക്കം

## 12 തപസ്സാ

തപസ്സെന്നതിനിർത്ഥം ലക്ഷ്യപ്രാപ്തിക്കായി ശ്രീര ക്ലേശങ്ങൾ സഹിക്കുക എന്നാണ് . ശൌചസാധന പരിശീലിക്കു മ്പോൾ ജനസേവനത്തിനുവേണ്ടി ശാരീരികമായ ക്ലേശം സഹി ക്കേണ്ട ആവശ്യമില്ല . ഒരു ലക്ഷപ്രഭുവിനു പത്തു രൂപയുടെ സംഭാ വന ദേഹക്ലേശമുണ്ടാക്കുന്നില്ല . അതുകൊണ്ട് അയാളെ സംബന്ധി ച്ചിടത്തോളം അതു തപസ്യയല്ല . എന്നാൽ മാനസികശൌചം അഭ്യ സിക്കാൻ ഈ ദാനം അയാളെ സഹായിക്കുന്നു . ഈ കായക്ലേശം കൈവരിക്കുന്നതിനു പിന്നിൽ ഒരേ ഒരു ലക്ഷ്യമേ ഉണ്ടായിരി ക്കാവൂ . മറ്റുള്ളവരുടെ സങ്കടങ്ങളേയും ദുരിതങ്ങളേയും താങ്ങി ,

41* അവരുടെ ദു:ഖനിവൃത്തിക്കായി അവരെ സമാശ്വസിപ്പിക്കുക എന്ന ലക്ഷ്യം .

ശൌചസാധനയിലെന്നപോലെതന്നെ തപസ്സാധനയുടെ പരിശീലനത്തിലും വ്യാപാരമനോഭാവം അല്പ്പംപോലുമുണ്ടായി രിക്കരുത്. എപ്പോഴും ഏതവസ്ഥയിലും ശുദ്രോചിതസേവ (ശാരീ രികമായ സേവനം) തപസ്സിനോടു ബന്ധപ്പെട്ടിരിക്കും. അതിനാൽ ശാരീരികാദ്ധ്വാനത്തെ ഭയപ്പെടുന്നവർക്ക് ശുദ്രനെ (അദ്ധ്വാനിക്കു ന്നവനെ) വെറുക്കുന്നവർക്ക് ഒരിക്കലും ഒരു താപസനാകാൻ സാദ്ധ്യമല്ല. ഒരു രോഗി അതിയായ വേദനകൊണ്ടു പുളയുന്നു. അയാൾക്കുവേണ്ട് ആശ്വാസം നൽകുവാൻ തുടരെ കുറെനേര ത്തേക്കു നിങ്ങൾ അയാളെ ശുശ്രൂഷിക്കുകയാണെങ്കിൽ അതു തപസ്സാണ്. എന്നാൽ നിങ്ങളുടെ ആപൽ ക്കാല ങ്ങളിൽ ഒരു സഹായം തിരിച്ചുകിട്ടണമെന്നുള്ള സ്വാർത്ഥോദ്ദേശത്തോടുകൂടി യാണു നിങ്ങൾ അയാളെ ശുശ്രൂഷിക്കുന്നതെങ്കിൽ , തപസ്സിനായി ചെയ്ത ശ്രമങ്ങളെല്ലാം ഒരു നിമിഷത്തിനുള്ളിൽ നഷ്ടപ്പെടും . അതു കൊണ്ട് , സ്വാർത്ഥതയ്ക്കുപരിയാണു തപസ്സാധന . ഒരു നിയമമെ ന്നപോലെ തപസ്സിന്റെ അഭ്യാസം മനസ്സിനെ വികസിതമാക്കുന്നു . ഈ വികാസം ഈശ്വരപ്രണിധാന പരിശീലനത്തിന് ഒരു സാധ കന് ഒട്ടധികം സഹായകമാണ് . താൻ സേവിക്കുന്നതു ബ്രഹ്മ ത്തെ തന്റെ പ്രേമലക്ഷ്യത്തെ - യാണെന്നു തപസ്സാധകനറിയാം. അയാൾ ഒരു സേവകനാണ് . അയാൾ ചെയ്യുന്ന സേവനം സാധ നയും, ജാതിയോ , കുലമോ,

മതമോ, ദേശമോ പരിഗണിച്ചു സേവനം ചെയ്യാൻ സന്നദ്ധനാകുന്ന ഒരാളുടെ തപസ്യയുടെ ഉദ്ദേ ശം പരാജിതമാകുന്നു . എന്തെന്നാൽ വിശാലഹൃദയമില്ലാത്തതിനാൽ വേണ്ടത്ര ആത്മാർത്ഥതയോടുകൂടി സേവനം ചെയ്യാൻ അയാൾക്കു സാദ്ധ്യമാകുന്നില്ല . സേവിതരെ ബ്രഹ്മത്തിന്റെ ഒരു പ്രകാശനമായി മാത്രം കാണുകയും, നിസ്വാർത്ഥമായി അവരുടെ സുഖം നോക്കുകയും ചെയ്യുന്നവരിൽ വളരെ താമസിയാതെ 42* ബ്രഹത്താടുള്ള ഭക്തി അഥവാ പ്രേമം വികസിക്കുന്നു . ഒരിക്കൽ പ്രമം ഉണർന്നുകഴിഞ്ഞാൽ -ഭാവം പ്രകാശിതമായാൽ -പിന്നെ നേടുവാൻ ബാക്കി എന്താണുള്ളത് ?

ജ്ഞാന ത്തി നോ യുക്തി ക്കോ തപ സ്സാ ധ ന യി ലുള്ള സ്ഥാനം എന്താണെന്നുള്ളത് ഒരു പ്രധാന പ്രശ്നമാണ് . വാസ്തവം പറഞ്ഞാൽ ശൌചസംബന്ധമായ സേവന വനത്തേക്കാൾ തപസ്സം ബന്ധമായ സേവനം നൽകാൻ വളരെയധികം ജാനം വേണം, ജ്ഞാനമില്ലാത്ത തപസ്സ് ദുർവ്വിനിയോഗിക്കപ്പെടും, അവസര സേവകർ നിങ്ങളെക്കൊണ്ടു ജോലിചെയ്യിച്ചു നിങ്ങളുടെ ശക്തി അവരുടെ സ്വാർത്ഥതാല്പ്പര്യങ്ങൾക്കായി ദുരുപയോഗപ്പെടുത്തുക യും, അതേസമയത്തു യഥാർത്ഥത്തിൽ ക്ലേശിക്കുന്ന വർക്ക് നിങ്ങ ളിൽനിന്നു ലഭിക്കേണ്ട സേവനം ഇല്ലാതാക്കുകയും ചെയ്യുന്നു. ധനി കനായ ഒരു ലുബ്ധൻ ശോകകരമായ ഒരു കഥയുംകൊണ്ടു നിങ്ങളെ സമീപിക്കുകയും, അയാളുടെ ദു:ഖനിവൃത്തി വരുത്താൻ

നിങ്ങളോട് അഭ്യർത്ഥിക്കയും ചെയ്യുന്നു അനുകമ്പകൊണ്ട് ആർദ്ര ചിത്തനായി നിങ്ങൾ വിഷമത്തിൽ നിന്നയാൾക്കാ ശ്വാസം ലഭി ക്കാൻ വേണ്ടതു ചെയ്കയാണെങ്കിൽ , അതു ജ്ഞാനമോ യുക്തി . യോ ഇല്ലാത്ത പ്രവൃത്തിയാകയാൽ അവിടെ തപസ്സിന്റെ ഉദ്ദേശം തന്നെ പരാജിതമാകും . നിങ്ങൾ സേവനം ചെയ്ത ധനികൻ കൂടുതൽ ലുബ്ദ്ധനും സ്വാർത്ഥനുമായിത്തീരും. ഭാവിയിൽ അയാൾ ജനസേവന ത്തിന് ആത്മാർപ്പണം ചെയ്തിട്ടുള്ളവരെ കുറേകൂടി വിപുലമായ തോതിൽ വഞ്ചിക്കുകയും ചെയ്യും. ഇതാണു നിങ്ങ ളുടെ സേവനത്തിന്റെ ഒന്നാമത്തെ ഫലം. അയാളുടെ ആന്തരോ ദ്ദേശം ഏറെക്കുറെ നിങ്ങൾക്കും അറിയാവുന്ന തുകൊണ്ടു നിങ്ങളുടെ മാനസികതലത്തിൽ ഒരു അപകർഷം ഉണ്ടാകുകയും , നിങ്ങൾക്ക് അയാളോട് ഒരു ശത്രുഭാവം ജനിക്കുകയും ചെയ്യും എന്നതാണു രണ്ടാമത്ത് ഫലം ,

43*അതുകൊണ്ട് തപസ്സിന്റെ തത്വം അനുവർത്തിക്കു മ്പോൾ നിങ്ങൾ സഹായിക്കാൻ പോകുന്ന ആൾക്കു നിങ്ങളുടെ സേവനം യഥാർത്ഥത്തിൽ ആവശ്യമുണ്ടോ എന്നു നിങ്ങൾ നന്നായിട്ടറി യണം. ഇതു ബോദ്ധ്യപ്പെട്ടതിനുശേഷമേ നിങ്ങൾ സ്വയം സേവന ത്തിലേർപ്പെടാവു .

തപസ്സാധന പരിശീലിക്കുമ്പോൾ നിങ്ങളേക്കാൾ ഉയർന്ന വരെക്കുറിച്ചല്ല, എളിയവരെക്കുറിച്ചുവേണം ആലോചി

ക്കാൻ. നിങ്ങളെ അപേക്ഷിച്ചു ബലഹീനരും, ദരിദ്രരും, പഠിപ്പു കുറഞ്ഞ വരും കൂടുതൽ അജ്ഞരും ആയിട്ടുള്ളവരോടാണു നിങ്ങൾക്കു കൂടുതൽ ഉത്ത ര വാ ദി ത്വം . നി ങ്ങ ളെ ക്കാൾ ഉയർ ന്ന വ രോട് അതായ തു നിങ്ങ ളേ ക്കാൾ ധന സ മൃദ്ധിയും പ്രതാപ് വു മുള്ളവരോടു വളരെ കുറച്ചുത്തരവാ ദിത്വമേ നിങ്ങൾ ക്കുള്ളൂ . അതുകൊ ണ്ട് എവിടെയാണ് എത്രത്തോളമാണു നിങ്ങൾക്കു ചുമതലയുള്ള തെന്ന് ജ്ഞാനത്തിൻറ സഹായത്തോടുകൂടി . ആലോചിച്ചുറയ്ക്കണം . അല്ലാത്തപക്ഷം തപസ്സിനായി നിങ്ങൾ വിനിയോ ഗിച്ച് മുഴുവൻ സമയ വും ശക്തിയും പ്രയത്നവും നിഷ്ഫലമായിപ്പോകും, ധനികർക്കു സദ്യ നൽകുന്നതുകൊ ണ്ട് ഒരു പ്രയോജനവുമില്ല. വിശന്നു പൊരിയുന്നവർക്ക് ആഹാരം കൊടു ക്കുക. നിങ്ങളുടെ മേലാക്കൾക്കു പാരിതോഷി കങ്ങൾ അയച്ചിട്ടൊ രാവ ശ്യവുമില്ല . രോഗി കൾ ക്ക് ഔഷ ധവും പഥ്യാഹാ രവും നൽകുക . ധനികരെ പ്രശംസിക്കുന്നതിനായി സമയം പാഴാ ക്കരുത് . അതുകൊണ്ടൊരു ഫലവും ലഭിക്കയില്ല . നിങ്ങളുടെ അനുകമ്പാപൂർവ്വമുള്ള പെരുമാറ്റം കൊണ്ട് എളിയവരുടെ ഹൃദയ ങ്ങൾ സ്വായത്തമാക്കുക, അവരെ നിങ്ങളുടെ സമൂഹത്തിൽ സ്വീകരിക്കുക .

ജ്ഞാനരഹിതമാണു തപസ്സെങ്കിൽ ആ തപസ്സുകൊണ്ടു നിങ്ങൾക്കു ബ്രഹ്മോപലബ്ധി സാദ്ധ്യമല്ല . എന്തെന്നാൽ അപ്പോൾ 44*നിങ്ങൾ വസ്തുക്കളെ ശരിയായി ഉപയോഗിക്കുന്നില്ല. തീർച്ചയാ യും എന്തെങ്കിലും

ചെയ്യുന്നതാണ്, ഒന്നും ചെയ്യാതിരിക്കുന്നതിൽ ഭേദം. ഇതുവച്ചുകൊണ്ടു നോക്കുമ്പോൾ ജ്ഞാനരഹിതമായ തപസ്സുപോലും നല്ലതുതന്നെ . ഒരു മനശ്ശാസ്ത്രപരമായ സമീപനം എന്ന നിലയിൽ അതിന്റെ ഫലം നിരാശാവഹമല്ല .

ബുദ്ധൻ പറയുന്നു :

"ജിനേ കദരിയം ദാനേന,

സച്ചേന അലീകവാദിനം തപസ്സാ"

“ലുബ്ധനെ ദാനംകൊണ്ടു ജയിക്കുക, അസത്യവാദിയെ

സത്യഭാഷണംകൊണ്ടു ജയിക്കുക."

നിശ്ചയമായും ഒരു ലുബ്ധനെ നിങ്ങളുടെ ദാനശീലം കൊണ്ടു നിങ്ങൾക്കു വശപ്പെടുത്താം. ഇതിൽ ദൃഷ്യമായി ട്ടൊന്നു മില്ലതാനും. പക്ഷെ, തപസ്സെന്ന പദംകൊണ്ടു വ്യജിക്കുന്ന അർത്ഥം ഇതല്ല. മറ്റൊരു പ്രത്യേകത കൂടിയുണ്ടു തപസ്സിൽ :

മനുഷ്യനിൽ ജ്ഞാനമില്ലാത്തിടത്തോളം അവ ൻ റ പ്രവൃത്തികൾ , ജനവാസനയാൽ പ്രേരിതമായിരിക്കുന്നു . ജാന യുക്തമായ തപസ്സു ഈ കർമ്മഗതിയെ വഴിതിരിക്കുകയും മുക്തി യിലേക്കു നയിക്കുകയും ചെയ്യും . അതെ , ഭക്തി , ജ്ഞാനത്തെ ഉളവാക്കും . പരമമായ സുഖം ആസ്വദിച്ചിട്ടില്ലാത്തവരിൽ ആ വിധം ഭക്തി ഉണർത്തുവാൻ സാദ്ധ്യമല്ല . ഉള്ളടക്കം

# 13 സ്വാദ്ധ്യായം

ഏതെങ്കിലും ആദ്ധ്യാത്മികതത്വത്തെ വ്യക്തമായി മനസ്സി ലാക്കുക എന്നാണു സ്വാദ്ധ്യായത്തിനർത്ഥം . പ്രാചീനകാല ങ്ങളിൽ 45* ഋഷികളുടെ ആശ്രമങ്ങളിൽ വച്ചു വിദ്യാർത്ഥികൾ അവരുടെ ദൈനംദിന സ്വാദ്ധ്യായം നടത്തിപ്പോന്നിരുന്നു. പക്ഷെ, കാലത്തി ൻറ ഗതിയിൽ പരിതസ്ഥിതികൾ മാറി. സ്വാദ്ധ്യായം എന്ന പദത്തി ൻറ അർത്ഥവും നഷ്ടപ്പെട്ടു. ഇക്കാലത്ത്, അർത്ഥം മനസ്സിലാ ക്കാതെ മതഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതും സ്വാദ്ധ്യയമായി പരിഗണിക്കപ്പെടുന്നു. മതപ്രചാരകന്മാർ സ്വാദ്ധ്യായത്തിൻറ തെറ്റായ വ്യാഖ്യാനംകൊണ്ടു പൊതുജന ങ്ങളെ വഴിതെറ്റിച്ചിട്ടുണ്ട് . അവർ പറയുന്നു , " ഇന്നയിന്ന പുസ്തകങ്ങൾ വായിച്ചാൽ ഇന്ന ഫല മുണ്ട് . അർത്ഥം നിങ്ങൾക്കു മനസ്സിലായാലുമില്ലെങ്കിലും അ തിൽ അത്ര കാര്യമൊന്നുമില്ല . പുസ്തകം വായിക്കാൻ നിങ്ങൾക്കു സമയം ലഭിക്കുന്നില്ലെക്കിൽ മൂന്നു തവണ നിങ്ങളുടെ തല അതിൽ തൊടുവിക്കുക . ധർമ്മോപദേശങ്ങൾ കേൾപ്പാനോ ഗ്രഹിപ്പാനോ സമയമില്ലെങ്കിൽ നിങ്ങളുടെ ഇഷ്ട്ടമൂർത്തിക്കു പഴങ്ങ ളോ മധുരപദാർത്ഥങ്ങളോ നിവേദിക്കുക. ഇതുകൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കും . യഥാർത്ഥ

വസ്തുവിനെത്തന്നെയാണു നിങ്ങളാ ശ്രയിക്കുന്നത്." എന്ന് . പാരായണമോ ശ്രവണമോ മൂലം വിഷയം ഗ്രഹിക്കുക മാത്രമല്ല , അതിന്റെ പൊരുൾ - ആന്തരാർത്ഥം കൂടി മനസ്സിലാക്കുന്നതാണു സ്വാദ്ധ്യായം , ബാഹ്യമോ സ്ഥലമോ ആയ അർ ത്ഥം മാത്രം കൈക്കൊള്ളുന്നതുകൊണ്ട് വൈഷ്ണവവും ശാക്തവുമായ സാധന വളരെയേറെ മലീമസമാകാനിടയായിട്ടുണ്ട് . ഇതു സാധാരണ ജനങ്ങളുടെ മതവിശ്വാസത്തിനു ഗുരുതരമായി ആഘാതമേല്പ്പിച്ചു. ഉദാഹരണമായി, തന്ത്രസാധനയുടെ ഒരു വിഭാഗത്തെ മാംസ സാധന എന്നു പറയുന്നു . എന്താണ് ഈ മാംസ സാധന ;

"മാ ശബ്ദാദ്രസനാ ജ്ഞെയാ

തദംശാൻ രസനാ പ്രിയേ

യോ തദ്ഭക്ഷ്യേന്നിത്യം

സ ഏവ മാംസസാധക :"

46* "മാ" എന്നാൽ രസന ( നാക്ക് ) എന്നർത്ഥം . മാംസ എന്നാൽ നാക്കിന്റെ പ്രവൃത്തി, അതായതു വാക്പ്രകടനം എന്നാ ണർത്ഥം. ഏതൊരു സാധകൻ വാക്പ്രകടനത്തെ ഉള്ളിലടക്കുന്നു വോ, അതായത് ഏതൊരുവൻ സംഭാഷണ സ്വഭാവത്തെ സംയ മനം ചെയവാൻ പരിശീലിക്കുന്നുവോ അയാളാണു മാംസസാധി കൻ . എത്ര സുന്ദരമാണ് ഇതിന്റെ അർത്ഥം ? പക്ഷേ , വ്യാഖ്യാ താക്കളെന്നു പറയുന്നകൂട്ടർ, ഭൌതികാഭിലാ

ഷങ്ങളാൽ പ്രേരിത രായി, മാംസസാധനയുടെ പേരിൽ നിരപരാധികളായ ആട്ടിൻകുട്ടി കളെ ആരാധനാമൂർത്തി കളുടെ ബലിപീഠത്തിൽ ബലികൊടുക്കാൻ അശേഷം സംശയിക്കുന്നില്ല. ബലികഴിക്കപ്പെടേണ്ട ആടുകളെ എണ്ണം കണക്കാക്കുന്നതോ, ആ മാംസം ഭക്ഷിക്കാനുള്ളവരുടെ സംഖ്യ അനുസരിച്ചും. കഷ്ടം; എന്തൊരു വ്യാഖ്യാനം!

ശാസ്ത്രോക്തികളിൽ നിഗൂഢ മായിരിക്കുന്ന അർത്ഥം മനസ്സിലാക്കുവാൻ ആദ്യമായി അതിന്റെ ഭാവം ഗ്രഹിക്കേണ്ട തുണ്ടു. അല്ലാത്തപക്ഷം ശരിയായ അർത്ഥമറിയാൻ സാദ്ധ്യമല്ല. ശൌണ്ഡിക: സുരാലയം ഗച്ഛതി , എന്നു ഞാൻ പറഞ്ഞാൽ സ്വാഭാവികമായി മദ്യവ്യാപാരി മദ്യാ (സുരാ) ലയത്തിലേക്കു പോകുന്നു എന്നർത്ഥം വരും . എന്നാൽ “നാരദ: സുരാലയം ഗച്ഛതി." എന്നാണു ഞാൻ പറയുന്നതെങ്കിൽ അതിന്റെ അർത്ഥം, നാരദൻ സുരന്മാരുടെ ആലയത്തിലേക്കു-സ്വർഗ്ഗത്തിലേക്കു പോകുന്നു എന്നാണ്. ആദ്യത്തെ പ്രസ്താവനയിൽ അതു സുരയു ടെ ആലയമായിരുന്നു; മദ്യാലയം. ഇങ്ങനെ ഒരേപദം അതിന്റെ പ്രയോഗത്തി ൽ വിഭിന്ന ങ്ങ ളാ യ അർ ത്ഥം ഉൾ ക്കൊള്ളുന്നു. ഇപ്പോൾ നിങ്ങൾക്കു മനസ്സിലായിരി ക്കുമല്ലൊ സ്വാദ്ധ്യായം അഭ്യ സിക്കുമ്പോൾ എത്ര കരുതൽ വേണമെന്ന്. സ്വാർത്ഥതല്പരന്മാർ ആഗ്രഹിക്കുന്നതു ശാസ്ത്രങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നതിൽ നിന്നും പൊതുജനങ്ങളെ അകറ്റി നിർത്താനാണ്. എന്തെന്നാൽ ചൂഷണം ചെയ്യാൻ ഇത് അവരെ സഹായിക്കും ,

ഉള്ളടക്കം

47*

# 14 ഈശ്വരപ്രണിധാനം

ഈശ്വരൻ എന്ന പദത്തിനു പല പല വ്യാഖ്യാനങ്ങളുണ്ടാ യിരിക്കാം. എന്നാൽ അതിന്റെ സാധാരണ അർത്ഥം ഈ പ്രപഞ്ച ത്തിന്റെ നിയാമകൻ എന്നാണ്. ഈ ജഗത്തിന്റെ വിചാരവീചി കളെ നിയന്ത്രിക്കുന്നതാരോ അദ്ദേഹമാണ് ഈശ്വരൻ. അതിനാൽ പുരുഷോത്തമനും ഈശ്വരനും സമാനങ്ങളായ സങ്കല്പങ്ങളല്ല. ദാർശനികഭാഷയിൽ ഈശ്വരനെന്ന പദത്തിന് ഒരർത്ഥം കൂടി യുണ്ട്. തമോഗുണപ്രധാനമായ സ്ഥലപ്രകൃതിയുടെ സാക്ഷിത്വം വഹിക്കുന്ന പ്രതിരൂപമാണ് ഈശ്വരൻ . അതു കാരണതലത്തിന്റെ സാക്ഷിസത്തയാണ് . പ്രജ്ഞയുടെ ഭൂമാഭാവമാണ്. സർവ്വബന്ധ ങ്ങളിൽ നിന്നും വിമുക്തമായ ഒരു സത്തയാണത് .

"ക്ലേശ കർമ്മ വിപാകാശയൈരപരാമൃഷ്ടഃ

പുരുഷവിശേഷഃ ഈശ്വരഃ"

അല്പാല്പ വ്യത്യാസങ്ങൾ എന്തുതന്നെയായിരുന്നാലും ഒരു സാധകന്റെ ദൃഷ്ടിയിൽ ഈശ്വരൻ സഗുണ ബ്രഹ്മം അഥവാ ഭഗവാനല്ലാതെ മറ്റൊന്നുമല്ല .

പ്രണിധാനമെന്നാൽ വ്യക്തമായി ഗ്രഹിക്കുക , അഥവാ അഭയ സ്ഥാനമായി എന്തിനെയെങ്കിലും കൈവരിക്കുക എന്നാണർത്ഥം, അതിനാൽ ഈശ്വരപ്രണിധാനം എന്നതിനർത്ഥം, സ്വയം ബ്രാഹ്മീ ഭാവത്തിൽ പ്രതിഷ്ഠനേടുക-ഈശ്വരനെ ജീവിതത്തിലെ ഏകാദർശമായി സ്വീകരിക്കുക എന്നാണ്. പഞ്ചഭൌതിക ഘടകങ്ങൾ കൊണ്ടു നിർമ്മിതമായ സ്ഥല ദേഹം, അദ്ദേഹത്തിന്റെ സഞ്ചര പ്രതിസഞ്ചരഗതികളുടെ നിയമത്തെ അതിലംഘിക്കുന്നില്ല. ആനിയമങ്ങൾക്കെതിരായി ചലിക്കുന്നതു നിങ്ങളുടെ മനസ്സാണ്. ഇത് 48* ജീവാത്മാവിൻറ അപകർ ഷ ത്തിൽ പര്യവ സാ നി ക്കുന്നു. എന്തെന്നാൽ മനസ്സിലാണു ജീവചൈതന്യം പ്രതിഫലിക്കുന്നത്, മറ്റൊരിടത്തുമല്ല. അതിനാൽ ആ പരമാശ്രയ സ്ഥാനത്തേക്ക് ഈശ്വരനിലേക്ക്-ത്വരിതമായ ഗതിവേഗത്തോടുകൂടി നീങ്ങുന്ന താണ് ഈശ്വര പ്രണിധാനം , ആകയാൽ ഈശ്വരപ്രണിധാനം, പരിപൂർണ്ണമായും ഭാവത്തെ അഥവാ വികാരത്തെ ആശ്രയിച്ചിരി ക്കുന്നു. സമ്പൂർണ്ണമായ ഒരു മാനസികചേഷ്ടയാണത് . ഒരു വലിയ ജനസമൂഹത്തെ വിളിച്ചുകൂട്ടാൻ തൊണ്ട പൊട്ടുംവിധം ഉച്ചത്തിൽ ഉൽഘോഷിക്കുക, ചെണ്ടകൊട്ടി ഭക്തി പ്രദർശിപ്പിക്കുക എന്നിവ യ്ക്ക് അതിൽ ഒരു സ്ഥാനവുമില്ല . ബധി ര നല്ല നിങ്ങ ളുടെ ഈശ്വരൻ . നിങ്ങളുടെ മനോഭാവങ്ങൾ അദ്ദേഹത്തെ അറിയിക്കാൻ വിളിച്ചുകൂ വണ്ട് .

ഈശ്വരനെ ധ്യാനിക്കുമ്പോൾ ഒരാൾ പ്രാപഞ്ചികഭാവങ്ങ ളിൽ നിന്നും മനസ്സിനെ വേർപെടുത്തേണ്ടതുണ്ട് . പിന്നീടു പരിമിത മായ ഞാൻ എന്ന ഭാവത്തിൽ നിന്നു മനസ്സിനെ പിൻവലിച്ച് ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കണം. അതിനുശേഷം നിങ്ങളുടെ സംസ് ക്കാരത്തിനു യോജിച്ച വിധത്തിൽ നൽകപ്പെടുന്നതും, ബ്രഹ്മഭാ വനയിൽ അധിഷ്ഠിതവുമായ മന്ത്രത്തിന്റെ സഹായത്തോടുകൂടി ആ ബിന്ദുവിനുചുറ്റും ബ്രഹ്മത്തെ ഭാവനചെയ്യണം. ഏറ്റവും സൂക്ഷ്മസത്തായാണദ്ദേഹം. അതിനാൽ വികാരത്തിൽ കൂടിയേ അദ്ദേഹത്തെ സാക്ഷാൽക്കരിക്കാൻ കഴിയൂ. മറ്റൊരു വിധത്തിലും സാദ്ധ്യമല്ലതന്നെ.

ഒരു പക്ഷേ നിങ്ങൾക്കറിയാമായിരിക്കും ജപം മൂന്നുവിധ ത്തിലുണ്ടെന്ന്. വാചികം, ഉപാംശു , മാനസികം എന്നു മൂന്നു വിധം, വാചനികജപം അതായതു സ്തോത്രങ്ങൾ ഉച്ചസ്വരത്തിൽ ഉച്ചരിച്ചു ഭഗവാൻ ശ്രദ്ധ ആകർഷിക്കാനുള്ള ശ്രമം തികച്ചും അർത്ഥശൂന്യമാണ് . ആദരവും സ്നേഹവും , ആത്മാർത്ഥതയും , 49* ഭക്തിയും ഹൃദയാന്തർഭാഗത്തിന്റെ ഗുണവിശേഷങ്ങളാണ് . ഇവ യൊന്നും സ്തുതിപാഠകരുടെ ഭാഷയിൽ ഉച്ചസ്വരത്തിൽ പ്രകടിപ്പി ക്കേണ്ടവയല്ല. അതിനാൽ വാചനികജപം നിരർത്ഥകമാണ്. എന്നി രുന്നാലും ആന്തരമായ ഒരു വികാരത്തെ പുറത്തേക്കു പ്രകടിപ്പി ക്കാനുള്ള ആഗ്രഹം ഒരാളിൽ ഉൽബുദ്ധമാകുമ്പോൾ ആ ദിവ്യ ഭാവത്തെ ഒരു ശ്ലോകത്തിൻറയോ ഗാനത്തിന്റെയോ

രൂപത്തിൽ മധുരമായ ഭാഷയിൽ പ്രകടിപ്പിക്കാം .ഉദാഹരണമായി, “ഓം നമസ്തേ സതേ സർവ്വലോകാശയായ" എന്ന മന്ത്രം എൻറ മനസ്സിൽ ഓർമ്മവരുന്നു. ഈ വിധത്തിലുള്ള മന്ത്രങ്ങൾ വളരെ നല്ലതാണ്. പക്ഷെ, സ്വയം ബോധത്തിന്റെയോ ഈശ്വരപ്രണി ധാനത്തിൻറയോ ഉദ്ദേശം ഇവകൊണ്ടു സാദ്ധ്യമല്ല .

സ്തോത്രങ്ങൾ അഥവാ മന്ത്രങ്ങൾ താണസ്വരത്തിൽ , കേൾക്കാൻ തന്നെ പ്രയാസമായ വിധത്തിൽ ഉച്ചരിക്കുന്നതിനെ യാണ് ഉപാംശുജപമെന്നു പറയുന്നത് . ഇതു വാചനികജപത്തേ ക്കാൾ മെച്ചമാണെങ്കിലും , ഒരു ആദർശപരമായ ജപമാണിതെന്നു പറഞ്ഞുകൂടാ . മാനസികജപമാണ് ഈശ്വരപ്രണിധാനത്തിൻറ അത്യുത്തമ മായ പദ്ധതി. മാനസികമായി വേണം മാനസികഭാവന പ്രകടിതമാകാൻ. അതിന്റെ സാക്ഷി സത്തയും മനസ്സായിരി ക്കണം .

ഈ മാനസികജപം യോഗ്യനായ ഒരു വ്യക്തിയിൽ നിന്നും അഭ്യസിച്ചതിനുശേഷം കൃത്യനിഷ്ഠയോടുകൂടി യഥാവിധി അനു ഷ്ഠിച്ചുകൊണ്ടിരുന്നാൽ മനസ്സ് ഒരു പ്രത്യേക ഗതിധാരയിൽകൂടി പുരോഗമിക്കും . ഈ മുമ്പോട്ടുള്ള ഗതി ബ്രഹ്മത്തിന്റെ പ്രതിസഞ്ചരപഥത്തിലൂടെയാണ് . ഈശ്വരപ്രണിധാനം വഴിയായി ഒരു സാധകൻ ഉല്പാദിപ്പിക്കുന്ന മനസ്സിന്റെ ഗതിവേഗം , പ്രതിസഞ്ചര പഥത്തിൽകൂടി ബ്രഹ്മം അതിന്റെ

കല്പനാസൃഷ്ടികളെ പരി പൂർണ്ണതയിലേക്കു നയിക്കുന്ന മാനസികവേഗത്തേക്കാൾ വളരെ കൂടുതലാണ് .

50*. ഒരു സാധകന്റെ മാനസിക പ്രവാഹം ബ്രഹ്മഭാവനയുടെ പ്രതിസഞ്ചരപഥത്തിലൂടെ നീങ്ങുമ്പോൾ ദിവ്യശക്തികൾ അ ന്തർലീനമായിരിക്കുന്ന അവന്റെ ജീവശക്തി, എല്ലാ വാസനകൾ ക്കും, എല്ലാ സംസ്കാരങ്ങൾക്കും ഉപരി ഉയർന്നു പരമാനന്ദത്തി ലേക്കു പ്രയാണം ചെയ്യുന്നു. ഈ അവസ്ഥയിൽ മനസ്സു ബ്രഹ്മ ഭാവ ത്തിനൊത്തു സ്പന്ദിക്കുന്നു. ഉയർന്ന തരം ഗ്രന്ഥികളുടെ പ്രകടിതമാകാത്ത ഗുണവിശേഷങ്ങൾ പ്രകാശിതമാകുകയും മനസ്സി ൻറ സ്പന്ദനം നാഡീവ്യൂഹത്തിനൊത്തു ചലിക്കുകയും സ്ഥലശ രീ രത്തിൽ ഭക്തിപരമായ വികാരങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. നാഡീസംബ ന്ധമായ കാരണങ്ങളാൽ ഈ വിധത്തി ലുള്ള സാത്വികലക്ഷണങ്ങൾ ശരീരത്തിൽ കൂടി പ്രകാശിക്കാത്ത വരുടെ നാനാഗ്രന്ഥികളിലും മാനസികസ്പന്ദനങ്ങൾ പ്രകൃത്യാത ന്നെ ചില പരിവർത്തനങ്ങൾ ഉളവാക്കുന്നു . ഈ സാത്വികഭാ വങ്ങൾ മൌലികമായി എട്ടു വിധത്തിലാണ്. അവസ്തംഭം (അമ്പര ക്കുക), കമ്പം (വിറയ്ക്കുക), സ്വേദം(വിയർപ്പ്), സ്വരഭംഗം (ഗദ്ഗദം), അശ്രു (കണ്ണുനീർ), രോമാഞ്ചം (പുളകം കൊള്ളൽ), വൈവർണ്ണം (നിറഭേദം), പ്രളയം(ബോധക്കേട്) എന്നിവ യാണ്. ഈ പ്രധാന ഭാവങ്ങളോടനുബന്ധിച്ചു വേറെയും ചില ഭാവങ്ങ ളുണ്ട്. ഉദാഹരണമായി നൃത്യം, ഗീതം , വിലുണ്ഠനം (ഉരുളുക)

കാശനം, (കരച്ചിൽ) ഹുംകാരം (അലർച്ച), ലാലസവം (ഉമിനീ രൊലിപ്പ്), ജംഭണം (കോട്ടുവായിടുക), ലോകാപേക്ഷാത്യാഗം (അലക്ഷ്യഭാവം) , അട്ടഹാസം, ഘൂർണ ( കറങ്ങുക ), ഹിക്കാ (എക്കിൾ), തനുമോടനം (സ്ഥലദേഹത്തിന്റെ തളർച്ച) , ദീർഘ ശ്വാസം ( നെടുവീർപ്പ് ) ഇവയാണ് .

വാചനിക ജപത്തിലും ഉപാംശുജപത്തിലും ഈവക ലക്ഷണങ്ങളുടെ സാധ്യത വളരെ കുറവാണ് . സാധനയുടെ ശരി യായ പദ്ധതി അറിയാവുന്നവർക്ക് അഥവാ മറ്റുവിധത്തിൽ അതു ലഭിച്ചിട്ടുള്ളവർക്ക് ഈവക ചിഹ്നങ്ങളുടെ പ്രകാശനം വളരെ സ്വാഭാ 51* വികമത്രേ . ആനന്ദത്തോടു ബന്ധപ്പെട്ടവയാണിവ . ഇവ യാതൊരു വിധത്തിലും ക്ലേശകരങ്ങളല്ല . അതിനാൽ സാധന പരിശീലിക്കാ ത്തവർ ഈവക ലക്ഷണങ്ങൾ കണ്ട് അനാവശ്യമായി ഭയപ്പെടേ ണ്ടതില്ല .

ഇങ്ങനെയുള്ള സാത്വിക ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടു മ്പോൾ സാധകനും ഇതിനെപ്പറ്റി യാതൊരുവിധത്തിലും വിഷമി ക്കരുത് . ഈവിധ ഭാവങ്ങൾ അനുഭവപ്പെടുമ്പോൾ , സാധകൻ ആ ഭാവങ്ങളെ പ്രകടിപ്പിക്കാൻ ശ്രദ്ധ പതിച്ചാൽ അയാളുടെ പുരോഗ തിക്കു തടസ്സമുണ്ടാകും . ഈ അജ്ഞയഭാവങ്ങളെ അടക്കിനിർ ത്താൻ ശ്രമിക്കുന്നപക്ഷം അയാളുടെ ഭാവത്തിനുതന്നെ കുഴപ്പം നേരിടും . മനസ്സ് ഈശ്വരപ്രണിധാനത്തിൽനിന്നു വിട്ടകലുകയും ചെയ്യും .

ബ്രഹ്മഭാവമാണ് എല്ലാ ഭാവത്തിലും മഹത്തെന്നു നിങ്ങൾ സദാ സ്മരിക്കണം . ഭാവത്തിന്റെ ബാഹ്യലക്ഷണങ്ങളിൽ ശ്രദ്ധപതിപ്പിച്ചു സമയം വൃഥാ കളയുന്നതു ബുദ്ധിമോശമാണ് .

ഈ ബ്രഹ്മ ഭാവനയിൽ നിന്നു മനസ്സു വിഘടിക്കുന്നതോടെ ഈവിധ സാത്വികലക്ഷണങ്ങളും തിരോഭവിക്കും . വളരെ നേരത്തേക്കു ബ്രാഹ്മീഭാവത്തിൽ പ്രതിഷ്ഠതനാകാനുള്ള കഴിവ് ഒരു സാധകൻ നേടിക്കഴിയുമ്പോൾ ആ ഭാവങ്ങൾ മാനസിക ശരീര ത്തിൽ മാത്രം ഒതുങ്ങിയിരിക്കും . സ്ഥലശരീരം വളരെ ശാന്തമായിരിക്കയും ചെയ്യും .

സാധനയുടെ വിവിധ ഭാഗങ്ങൾ ഏകാന്തമായ സ്ഥലത്ത് ഏക നായിരുന്നു പരിശീലിക്കുന്നത് അഭികാമ്യമാണ് . എന്നാൽ ഈശ്വര പ്രണിധാനം തനിച്ചും കൂട്ടമായും അനുഷ്ഠിക്കാം . സമ്മിളിതമായ ഈശ്വ ര പ ണി ധാ നം തനിച്ചും കൂട്ട മാ യും അനുഷ്ഠിക്കാം . സമ്മിളിതമായ ഈശ്വരപ്രണിധാനത്തിൽ അല്പ്പസമയംകൊണ്ട് ഉന്നതങ്ങളായ ഭാവചിഹ്നങ്ങൾ ഉൽഭൂതമാകത്തക്കവിധം സകലരും 52* സഹകരിച്ചുള്ള മാനസിക യത്നം ഒന്നായിച്ചേർന്നു പ്രവർത്തിക്കുന്നു. അതിനാൽ സാധനയുടെ മറ്റെല്ലാ അംഗങ്ങളെയും പോലെ ഇതും തീർച്ചയായും ഏകാകിയായി വിജനസ്ഥലത്തുവച്ചു പരിശീലിക്കാം. എന്നിരുന്നാലും നിങ്ങളിൽ ഏതാനുംപേർ ഒരുമിച്ചുചേരുമ്പോൾ മിളിത ഈശ്വര പ്രണിധാനത്തിനുള്ള അവസരം

നഷ്ടപ്പെടുത്ത രുത്. സമ്മിളിത ഈശ്വരപ്രണിധാനത്തിന്റെ ഫലമായി, ആർക്കും അധീനപ്പെടുത്താനാകാത്ത മനശ്ശക്തി ഉണർന്ന് ഈ ലോകത്തിലെ ലഘുവോ ഗുരുവോ ആയ ഏതൊരു പ്രശ്നത്തിനും പരിഹാരം കണ്ടെത്താൻ നിങ്ങളെ സഹായിക്കും . ഇക്കാരണത്താലാണ് ആഴ്ച യിലൊരിക്കൽ നടത്തുന്ന ധർമ്മചക്രത്തിൽ പതിവായി പങ്കെടു ക്കുവാനുള്ള ഔത്സുക്യം നിങ്ങൾക്കെപ്പോഴുമുണ്ടായിരിക്ക ണമെന്നു പറയുന്നത്.

## അവസാനം

--------------- X --------------

ഉള്ളടക്കം

## അറിയിപ്പ്

ഹഠയോഗത്താൽ ശാരീരിക വികാസം സാധ്യമാകുന്നു. രാജയോഗത്തതാൽ ശാരീരികവും, മാനസികവും, ആത്മീയവുമായ വികാസം സാധ്യമാകുന്നു, എന്നാൽ ഒരാളിൽ ഭക്തിഭാവം ഉണർത്തുവാൻ അതന് കഴിയില്ല.

രാജാധിരാജയോഗ ത്താൽ ശാരീരിക, മാനസിക, ആത്മീയ വികാസം സാധ്യമാവുകയും, ഭക്തിഭാവം ഉണരുകയും ചെയ്യുന്നു. രാജാധിരാജയോഗ പരിശീലനംകോണ്ട് സാധകന് വിമുക്തി കരഗതമാകുന്നു. ആനന്ദമാർഗ ആചാര്യർ പ്രതിഫലം പറ്റാതെ രാജാധിരാജയോഗം പഠിപ്പികുന്നു, ആർക്കും അത് പഠിക്കാവുന്നതും, വസതിയിൽവച്ച് പരിശീലിക്കാവുന്നതുമാണ്.

## Contacts

(For talking in Malayalam)

**1. Kozhikode:**

a. Sethumadhavan - 93875 22399

b. Raju K K - 98471 42574

**2. Thrissur:**

a. Babu Thayyil - 9495169061

b. Jyotish - 9446345715

**3. Ernakulam:**

a. Padmanabhan- 9847633331

b. Ramkumar - 9388604260

## Address Central:

(For talking  in English, Bengali or Hindi

Ananda Marga Pracaraka Samgha

VIP Nagar, Tiljala, Kolkata -100

Phone : 033 - 23451274

**Address Local:**

(For talking in English, Bengali, Hindi or Malayalam

1. Ananda Marga Ashram,
(Near Railway level crossing)
Nedupuzha, Thrissur, Kerala
Contact : 9388353604

2. Ananda Marga Ashram
Kottakurumba Temple Road
Ramanattukara; Kozhikode; Kerala
Contact: 7558028519; 9847734729

3. Ananda Marga Ashram (Lady managed)
Edakkadu, West Hill, Athanikkal,
Kozhikode, Kerala
Contact : 7004906626, 7559859532

4. Ananda Marga Ashram (Lady managed)
Shanti Vihar, Manuelson’s Housing Colony
Pottore, Thrissur, Kerala
Contact : 8075607728, 9074064529

5. Ananda Marga School (Lady managed)
South Chitoor(PO) ; Kochi -27.
Near Krishna Temple.
Rail station: Ernakulam Town.
Contact: 9037388657, 7012059203

6. Ananada Marga Primary School
Muttathara, Manacaud P.O.
Thiruvanandthapuram
Near Vaduvoth Temple.
Contact: 7306806742, 9539034448

7. Ananda Marga Ashram
Chattambirswami Road
Poojappura, Thiruvananthapuram
Contact: 9620648627